

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മുള്ളൂർക്കര ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.TSR.P(9)-290/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 13/04/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുള്ളൂർക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുള്ളൂർക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുള്ളൂർക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.TSR.P(9)-290/2023 തീയ്യതി: 13/04/2023

തൃശൂർ ജില്ലയിലെ മുള്ളൂർക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ മുള്ളൂർക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-07-2022 മുതൽ 06-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ എൻ സതീശൻ	ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)	07-02-2023	16-02-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
07-02-2023	16-02-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സദാനന്ദൻ പി. ജി, ഓഡിറ്റ് ഓഫീസർ
ശ്രീമതി സുധ ഇ. എൻ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. ജീജോ ജോബ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ജോയ്സൻ സി.ജെ, ഓഡിറ്റർ (ഹ. ഗ്രേ.)

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ഗിരിജ എം	പ്രസിഡന്റ്	01-04-2021	31-03-2022

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
റസീന എ എ	സെക്രട്ടറി - ഇൻ - ചാർജ്	01-04-2021	06-04-2021
അൻസാർ അഹമ്മദ് കെ എ	സെക്രട്ടറി	07-04-2021	31-03-2022
ഉണ്ണികൃഷ്ണപിള്ള എസ്	കൃഷി ഓഫീസർ	01-04-2021	01-10-2021
ശരണ്യ കെ എസ്	കൃഷി ഓഫീസർ	01-10-2021	31-03-2022
രശ്മി കെ ആർ	അസി.എഞ്ചിനീയർ	01-04-2021	31-03-2022
ഡോ.ബിജു പി ജി	ചീഫ് മെഡിക്കൽ ഓഫീസർ,	01-04-2021	31-03-2022

	ഹോമിയോ		
ഡോ.താര എം എ	മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി	01-04-2021	31-03-2022
ഡോ.ലാലു ടി ആർ	മെഡിക്കൽ ഓഫീസർ, ആയുർവേദം	01-04-2021	31-03-2022
ഡോ.മഞ്ചു വി പി	വെറ്ററിനറി സർജൻ	01-04-2021	31-03-2022
രഞ്ചിനി എൻ	വി ഇ ഒ, മുള്ളൂർക്കര സർക്കിൾ	01-04-2021	29-09-2021
ബൈജു വി ജെ	വി ഇ ഒ, മുള്ളൂർക്കര സർക്കിൾ	29-09-2021	31-03-2022
രഞ്ജിനി എൻ	വി ഇ ഒ, ഇരുനിലംകോട് സർക്കിൾ	01-04-2021	29-09-2021
ബൈജു വി ജെ	വി ഇ ഒ, ഇരുനിലംകോട് സർക്കിൾ	29-09-2021	04-10-2021
ജ്യോതി എൻ എൻ	വി ഇ ഒ, ഇരുനിലംകോട് സർക്കിൾ	04-10-2021	31-03-2022
സഫിയ ഇ വി	അസി.സെക്രട്ടറി	01-04-2021	31-03-2022
സിന്ധു എ കെ	ഐസിഡിഎസ് സൂപ്പർവൈസർ	01-04-2021	31-03-2022
നന്ദിനി	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2021	18-04-2021
ജസീല യു എ	ഡയറി ഫാം ഇൻസ്ട്രക്ടർ	19-04-2021	04-01-2022
നന്ദിനി	ഡയറി ഫാം ഇൻസ്ട്രക്ടർ	05-01-2022	09-02-2022
സുനിത വി	ഡയറി ഫാം ഇൻസ്ട്രക്ടർ	10-02-2022	31-03-2022
നളിനി എം	ഹെഡ്മിസ്ട്രസ്സ്, ജിയുപിഎസ്, ആറ്റൂർ	01-04-2021	31-03-2022
രജിത ടി വി	ഹെഡ്മിസ്ട്രസ്സ്, ജിഎൽപിഎസ്, മുള്ളൂർക്കര	01-04-2021	31-03-2022
ജോമോൾ സി ബേബി	ഫിഷറീസ് സബ് ഇൻസ്പെക്ടർ	01-04-2021	31-01-2022
ജിബീന എം എം	ഫിഷറീസ് സബ് ഇൻസ്പെക്ടർ	01-02-2022	31-03-2022

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യപത്രിക	1-2
3	സാമ്പത്തിക വിശകലനം	1-3
4	ഫണ്ട് വിനിയോഗം	1-4
5	പദ്ധതി അവലോകനം	1-5
6	തൊഴിലുറപ്പ് പദ്ധതി	1-6
7	ക്ഷേമ പദ്ധതികൾ	1-7
8	ക്യാഷ് ബാലൻസ് പരിശോധന	1-8
9	ആഭ്യന്തര നിയന്ത്രണം	1-9
10	വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല	1-10-1
11	വസ്തുനികുതി-അക്കൗണ്ടിംഗിലെ അപാകങ്ങൾ	1-10-2
12	വസ്തു നികുതി - യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.	1-10-3
13	വസ്തുനികുതി അഡ്വാൻസ്-ബാലൻസ് തുക പൊരുത്തപ്പെടുന്നില്ല	1-10-4
14	വരുമാന ഇനങ്ങൾ-രജിസ്റ്ററുകൾ ലഭ്യമാക്കിയില്ല	1-10-5
15	എം.ജി.എൻ.ആർ.ഇ.ജി.എസ്-വാർഷിക കണക്കും പദ്ധതിയുടെ കാഷ്ബുക്കുമായി പൊരുത്തപ്പെടുന്നില്ല	1-10-6
16	തൊഴിൽ രഹിത വേതനം-വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-10-7
17	സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം-വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-10-8
18	മരങ്ങളുടെ ലേലം-വരുമാനം കുറവായി രേഖപ്പെടുത്തിയിരിക്കുന്നു	1-10-9
19	വാർഷികധനകാര്യ പത്രികകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ	1-10
20	ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ-വൗച്ചറുകൾ സൂക്ഷിക്കുന്നില്ല	1-10-10
21	വികസനഫണ്ടിൽ നിന്നുള്ള മൂലധനച്ചെലവുകൾ-കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിൽ ചേർക്കുന്നില്ല	1-10-11
22	പ്രത്യേക ആവശ്യങ്ങൾക്കുള്ള ഫണ്ടുകൾ-അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല	1-10-12
23	ബാധ്യത ശീർഷകത്തിലെ നീക്കിയിരിപ്പും ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല	1-10-13
24	വായ്പാ രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല	1-10-14
25	ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല	1-10-15
26	ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ-അപാകങ്ങൾ	1-10-16
27	അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല	1-10-17
28	ഡെപ്പോസിറ്റ് വർക്ക്-തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി	1-10-18
29	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.	1-10-19
30	കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല	1-10-20
31	ആസ്തികുളുടെ ഡിപ്രിസിയേഷൻ-രേഖകൾ ലഭ്യമാക്കിയില്ല	1-10-21
32	ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല	1-10-22
33	Income And Expenditure Account പ്രകാരം മിച്ചതുക (Gross Surplus/(Deficit)of Income Over Expenditure After Prior Period Items)- തെറ്റായ തുക കണക്കാക്കി	1-10-23
34	വില്ലേജിൽ നിന്നുള്ള വാല്യൂവേഷൻ സാക്ഷ്യപത്രമില്ലാതെ കെട്ടിടനമ്പർ അനുവദിക്കുന്നു	1-11
35	ജില്ലാ കളക്ടറുടെ അനുമതിയില്ലാതെ പെട്രോൾ പമ്പിന് പെർമിറ്റ് അനുവദിച്ചു	1-12
36	ക്രമവത്ക്കരണ ഫീ ഈടാക്കിയില്ല	1-13
37	ഉപയോഗക്രമത്തിനനുസൃതമായി വസ്തുനികുതി നിർണ്ണയിച്ചില്ല	1-14
38	അനധികൃത ഫാമുകൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്	1-15
39	യന്ത്ര സാമഗ്രികൾ, മരം എന്നിവ സമയബന്ധിതമായി ലേലം ചെയ്യേണ്ടതാണ്	1-16
40	സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല	1-17
41	ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല	1-18
42	അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യ നിർണ്ണയം ഇല്ലാതെ മണ്ണ് ലേലം ചെയ്തു	1-19

43	മണ്ണിന്റെ വാല്യൂവേഷൻ എടുത്ത് ലേലം ചെയ്യാതെ കരാറുക്കാരന് വെറുതെ നൽകി	1-20
44	റോഡ് റീസ്റ്റോറേഷൻ ചാർജ്ജ് ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല	1-21
45	അനധികൃത ഭൂവികസനം നടത്തിയത്-ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്	1-22
46	അഗതി രഹിത കേരളം പദ്ധതി തുക കൈമാറൽ-നാളിതു വരെയും തുക വിനിയോഗിച്ചിട്ടില്ല	1-23
47	കന്നുകുട്ടി പരിപാലനം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്	1-24
48	മൃഗാശുപത്രിക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ-നാളിതുവരെ ലാപ്ടോപ്പ് ലഭ്യമായിട്ടില്ല	1-25
49	വീട് വാസയോഗ്യമാക്കൽ-ആദ്യഗഡു കൈപ്പറ്റിയിട്ടും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല	1-26
50	ലൈഫ് ഭവന പദ്ധതി-ധനസഹായം കൈപ്പറ്റിയിട്ടും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല	1-27
51	വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല	1-28
52	പഞ്ചായത്ത് ഓഫീസിലേക്ക് പ്രിന്റർ വാങ്ങൽ-നാളിതു വരെ പ്രിന്റർ ലഭിച്ചിട്ടില്ല	1-29
53	വാഹനം വാടകയ്ക്ക് എടുക്കൽ-കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കിയില്ല	1-30
54	സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ- മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ഡാറ്റാ ബേസിൽ നിന്നു ഒഴിവാക്കുന്നത് - സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്	1-31
55	ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-ഒരേ ഗുണഭോക്താവിന് രണ്ട് തവണ സ്കോളർഷിപ്പ് അനുവദിച്ചു	1-32
56	ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- രേഖകൾ ഹാജരാക്കിയില്ല	1-33
57	രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ചെലവു തുക തടസ്സപ്പെടുത്തുന്നു	1-34
58	പ്രവൃത്തി പൂർത്തീകരണം വൈകിയതിന് നിയമപ്രകാരമുള്ള പിഴ ഈടാക്കിയില്ല	1-35
59	അസി. എഞ്ചിനീയറുടെ ഓഫീസിന്റെ വാഹന വാടക ചെലവുകൾ-അപാകതകൾ	1-36
	ഭാഗം 2	
	--- No Records Found ---	
	ഭാഗം 3	
	--- No Records Found ---	
	ഭാഗം 4	
1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ്	4-3
4	സ്ഥിര നിക്ഷേപം	4-4
5	വായ്പ/വായ്പാതിരിച്ചടവ്	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	ചാർജ്/സർചാർജ് നടപടികളുടെ വിവരം	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ	4-10
	അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ബജറ്റ്

പാസാക്കിയ തിയതി	കമ്മിറ്റി തീരുമാനം	പ്രതീക്ഷിത വരവ്	പ്രതീക്ഷിത ചെലവ്
17.02.2021	1/1	142390000	199394637

റിവൈസ്ഡ് ബജറ്റ്

പാസാക്കിയ തിയതി	കമ്മിറ്റി തീരുമാനം നമ്പർ	പ്രതീക്ഷിത വരവ്	പ്രതീക്ഷിത ചെലവ്
19.03.2022	1	171946261	177263446

1-2 വാർഷിക ധനകാര്യപത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി
31-07-2022	29-07-2022

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	13660793
വരവ്	71899286
ആകെ	85560079
ചെലവ്	76987916
നീക്കിയിരിപ്പ്	8572163

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	ഒ.ബി.	വരവ്	ആകെ	ചെലവ്	സി.ബി.
വികസന ഫണ്ട്-ജനറൽ (ACR പ്രകാരം)	0	13024189	13024189	12409332	614857
വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം)	0	5873314	5873314	5873314	0
വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം)	0	6700	6700	0	6700
മെയിന്റനൻസ്, റോഡ് (ACR പ്രകാരം)	0	9220000	9220000	8436000	784000
മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം)	0	4870979	4870979	4853319	17660
സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺടൈഡ് ഗ്രാന്റ്	0	2583000	2583000	2583000	0
ടൈഡ് ഗ്രാന്റ്	0	5861219	5861219	4121075	1740144

1-5 പദ്ധതി അവലോകനം

2021-22 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ചതിന്റെ ശതമാനം
157	87771565	139	50136835	18	88.5

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	91462.61	871599.5	963061.71	963020.71	41
ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്	0	14788173	14788173	14788173	0
മെറ്റിരീയൽ കോസ്റ്റ്	0	9085730	9085730	9085730	0
ആകെ	91462.21	24745502.5	24836964.71	24836923.71	41

1-7 ക്ഷേമ പദ്ധതികൾ

പദ്ധതിയുടെ പേര്	ചെലവ് തുക	ഗുണഭോക്താക്കളുടെ എണ്ണം

തൊഴിൽരഹിത വേതനം	3240	2
കർഷകതൊഴിലാളി പെൻഷൻ	4641200	294
വിധവാ പെൻഷൻ	16649000	1078
വാർദ്ധക്യകാല പെൻഷൻ	22444200	1549
വികലാംഗ പെൻഷൻ	4891000	317
50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	2064800	127
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം	300000	10

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.02.2023 തീയതിയിൽ 3.30 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 28632/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

1-10-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

1-10-2 വസ്തുനികുതി-അക്കൗണ്ടിംഗിലെ അപാകങ്ങൾ

വസ്തു നികുതി-റെസിഡെൻഷ്യൽ (തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS-ലെ ഫിനാൻസ് മൊഡ്യൂൾ"-ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

റെസിഡൻഷ്യൽ (തൻവർഷം)

	ഡിമാന്റ്	കളക്ഷൻ	മുൻകൂർ ക്രമീകരിച്ചത്	ബാക്കി
ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	20,01,654	20,00,397	7,789	0
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	20,01,654 (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1)	20,00,398 (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45)	7,789 (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ)	0 (0/105X100)=0 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)

1.കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

2."സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്വെയറിൽ കണക്കാക്കപ്പെടുന്നില്ല.

വസ്തു നികുതി - റെസിഡെൻഷ്യൽ (കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

റെസിഡൻഷ്യൽ(കുടിശ്ശിക)

	ഡിമാന്റ്	കളക്ഷൻ	ബാക്കി
ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	335	338	0
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	0 (2020-21-ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(0/105*100)=0	339 (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45)	0 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)* (0/105*100)=0

ഡിമാന്റ്, കളക്ഷൻ തുകകൾ പൊരുത്തപ്പെടുന്നില്ല.

വസ്തു നികുതി-നോൺ റെസിഡെൻഷ്യൽ (കുടിശ്ശിക) – ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ (കുടിശ്ശിക)

	ഡിമാന്റ്	കളക്ഷൻ	ബാക്കി
ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	1,14,566	7,194	1,07,372
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	1,14,566 (120299*100/105= 2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)	42,069 (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45)	74,161 (77870*100/105= ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)

കളക്ഷൻ, ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല.

ലൈബ്രറി സെസ്സ് – ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

		ഡിമാന്റ്			കളക്ഷൻ			മുൻകൂർ ക്രമീകരിച്ചത്	ഡിമാന്റ് കുറവ് ചെയ്തത്	ബാക്കി		
		തൻ വർഷം	കുടിശ്ശിക	ആകെ	തൻ വർഷം	കുടിശ്ശിക	ആകെ			തൻ വർഷം	കുടിശ്ശിക	ആകെ
"സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം	റെസിഡൻഷ്യൽ	1,01,724	21	1,01,745	1,01,357	18	1,01,375	569		0	0	0
	നോൺ-റെസിഡൻഷ്യൽ	1,08,592	5,733	1,14,325	1,05,311	360	1,05,671	435		3507	5373	8880
	ആകെ			2,16,070			2,07,046	1,004		8880		
വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം		2,19,695 (5733+213962 =219695 (2020-21ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101-State Govt. Cess/levies ലെഡ്ജർ 2021-22)			2,08,914 (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-35 (വരവ്))				1,90,164 (431910101 -State Govt. Cess/levies ലെഡ്ജർ 2021-22	8880 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)		

1.സഞ്ചയയിലെയും ILGMS ലെയും ഡിമാന്റ്, കളക്ഷൻ തുകകൾ പൊരുത്തപ്പെടുന്നില്ല.

2."സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള ലൈബ്രറി സെസ്സ് ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ

ബാക്കി തുക സോഫ്റ്റ്വെയറിൽ കണക്കാക്കപ്പെടുന്നില്ല.

3.തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 2,08,914/- രൂപയും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം 2,07,046/- രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt. Cesses/levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് മേൽ പറഞ്ഞ രണ്ട് തുകയുമല്ല മറിച്ച് 1,90,164/- രൂപയാണ്.

4. ബാലൻസ് ഷീറ്റ് പ്രകാരം വസ്തുനികുതിയിനത്തിൽ പിരിച്ചെടുക്കേണ്ട തുക 1,51,456/- രൂപയാണ് (73586+77870). ടി തുകയുടെ 5% ആയ 7212/- രൂപയാണ് ലൈബ്രറി സെസ് ഇനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നത്. എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരം 431910101- State Govt. Cesses/Levies In Property Tax എന്ന ശീർഷകത്തിൽ ലൈബ്രറി സെസ് ഇനത്തിൽ പിരിച്ചെടുക്കാൻഅവശേഷിക്കുന്ന തുക 8880/- രൂപയാണ്.

1-10-3 വസ്തു നികുതി - യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

1/4/2021-ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22 വർഷത്തിൽ മുള്ളൂർക്കര ഗ്രാമപഞ്ചായത്തിൽ New Building Register പ്രകാരം 144 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2021-22-ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100102-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണയായി 31/3/2022-ൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

1-10-4 വസ്തുനികുതി അഡ്വാൻസ്-ബാലൻസ് തുക പൊരുത്തപ്പെടുന്നില്ല

31.03.22ന് വസ്തുനികുതി അഡ്വാൻസ് ഇനത്തിൽ അഡ്ജസ്റ്റ് ചെയ്യാൻ അവശേഷിക്കുന്ന തുക സഞ്ചയ ഡി.സി.ബി. പത്രിക പ്രകാരവും ബാലൻസ് ഷീറ്റ് പ്രകാരവും വ്യത്യാസപ്പെട്ടിരിക്കുന്നു.

ഇനം	സഞ്ചയ ഡി.സി.ബി. പത്രിക പ്രകാരം	ബാലൻസ് ഷീറ്റ് പ്രകാരം
വസ്തുനികുതി-റെസിഡൻഷ്യൽ	3,10,888	3,31,414
വസ്തുനികുതി - നോൺ റെസിഡൻഷ്യൽ	65,802	64,016

1-10-5 വരുമാന ഇനങ്ങൾ-രജിസ്റ്ററുകൾ ലഭ്യമാക്കിയില്ല

കാഷ് അടിസ്ഥാനത്തിൽ (അക്രൂവൽ അല്ലാതെ) രേഖപ്പെടുത്തുന്ന താഴെ പറയുന്ന വരുമാന ഇനങ്ങളുടെ രജിസ്റ്ററുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

1. Licence Fee For Domestic Dogs & Pigs
2. Fee For Building Regularisation
3. Audit Recovery Register

1-10-6 എം.ജി.എൻ.ആർ.ഇ.ജി.എസ്-വാർഷിക കണക്കും പദ്ധതിയുടെ കാഷ്ബുക്കുമായി പൊരുത്തപ്പെടുന്നില്ല

എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതിയുടെ കാഷ്ബുക്ക്, എം.ഐ.എസ്. പത്രിക എന്നിവ പ്രകാരമുള്ള ചെലവുകൾ ഇൻകം &എക്സ്പൻഡിച്ചർ പത്രിക പ്രകാരമുള്ള ചെലവുകളുമായി പൊരുത്തപ്പെടുന്നില്ല.

ഇനം	കാഷ്ബുക്ക് / സ്റ്റേറ്റ്മെന്റ്	ഇൻകം & എക്സ്പൻഡിച്ചർ പത്രിക പ്രകാരം

	പ്രകാരം	ശീർഷകം	തുക
ഭരണച്ചെലവുകൾ	9,63,020.71	256100116-Administrative Expenses-MGNREGA/AUEGS	2,48,36,463
അവിദഗ്ധ തൊഴിലാളികുളുടെ വേതനം	1,47,88,173		
വിദഗ്ധ തൊഴിലാളികുളുടെ വേതനം	20,65,100		
മെറ്റീരിയൽ കോസ്റ്റ്	70,20,630		
ആകെ	**2,48,36,923.71**	**ആകെ**	**2,48,36,463**

1-10-7 തൊഴിൽ രഹിത വേതനം-വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

2021-22 വർഷത്തിലെ തൊഴിൽ രഹിത വേതന വിതരണ രജിസ്റ്റർ പ്രകാരം തൊഴിൽ രഹിത വേതനമിനത്തിൽ ₹3,240/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ടി തുക വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

1-10-8 സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം-വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

ഓഡിറ്റിന് ലഭ്യമാക്കിയ വൗച്ചറുകൾ പ്രകാരം സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായമിനത്തിൽ 3,00,000/- രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. എന്നാൽ ടി തുക വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

1-10-9 മരങ്ങളുടെ ലേലം-വരുമാനം കുറവായി രേഖപ്പെടുത്തിയിരിക്കുന്നു

150100107-Receipts From Sale Of Usufructs Of Trees എന്ന ശീർഷകത്തിൽ 43,462/- രൂപ വരുമാനമുണ്ട്. എന്നാൽ മരങ്ങളുടെ ലേല ഫയൽ പരിശോധിച്ചതിൽ ഈയിനത്തിലെ ആകെ വരുമാനം 45,750/- രൂപയാണ്. ലേലത്തുകയിൽ നിന്നും ജി.എസ്.ടി, എഫ്.ഡി.ടി എന്നീയിനങ്ങളിൽ ₹2,288 Jv.No.42101292/31.03.22 പ്രകാരം 350300199-Govt. Dues Payable എന്ന ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്തത് മൂലമാണ് വ്യത്യാസം. എന്നാൽ മേൽ ലേലങ്ങളിൽ നിന്നുള്ള ജി.എസ്.ടി, എഫ്.ഡി.റ്റി എന്നിവ 340200102 – Auction Deposit എന്ന ശീർഷകത്തിൽ പ്രത്യേകം ക്രെഡിറ്റ് ചെയ്തിട്ടുള്ളതാണ്.

1-10 വാർഷികധനകാര്യ പത്രികകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

മുള്ളൂർക്കര ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക ധനകാര്യപത്രികകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു (ഓഡിറ്റ് അന്വേഷണം നം.16/10.02.23).

1-10-10 ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ-വൗച്ചറുകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-10-11 വികസനഫണ്ടിൽ നിന്നുള്ള മൂലധനച്ചെലവുകൾ-കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിൽ ചേർക്കുന്നില്ല

വികസനഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം "Capital Contributions" എന്ന ശീർഷകത്തിലേക്ക് ചേർക്കുന്നില്ല. ഇത് മൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം കണക്കാക്കപ്പെടുന്നമിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/11/ത.സ്വ.ഭ.വ തീയതി 26/07/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

1-10-12 പ്രത്യേക ആവശ്യങ്ങൾക്കുള്ള ഫണ്ടുകൾ-അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 ൽ ഉൾപ്പെട്ട പ്രത്യേക ആവശ്യങ്ങൾക്കുള്ള ഫണ്ടുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ ടി ഇനങ്ങളിൽ ലഭിച്ച വരവുകൾ, ചെലവഴിക്കപ്പെട്ട തുക, ബാലൻസ് എന്നിവയുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

1-10-13 ബാധ്യത ശീർഷകത്തിലെ നീക്കിയിരിപ്പും ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 ൽ ഉൾപ്പെട്ട ബാധ്യത ശീർഷകങ്ങളിലെ നീക്കിയിരിപ്പും ടി ശീർ ഷകത്തിന്റെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-17 ൽ ഉൾപ്പെട്ട ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പും

തുല്യമായിരിക്കേണ്ടതുണ്ട്. എന്നാൽ ഷെഡ്യൂൾ ബി4 ൽ ഉൾപ്പെട്ട ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ബാധ്യത ശീർഷകങ്ങളായ320200104-Development Fund-Central Finance Commission Grant- Basic Tax Grant, 320200113- Development Fund-Central Finance Commission Grant-Tied Fund എന്നിവയുടെ നീക്കിയിരിപ്പ് യഥാക്രമം ₹0/-, ₹18,14,519 (ആകെ ₹18,14,519) ആണ്. എന്നാൽ മേൽ തുകകൾ നിക്ഷേപിച്ചിട്ടുള്ള TDCB A/c No.80015206851 എന്ന ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് ₹18,17,369/- രൂപയാണ്.

1-10-14 വായ്പാ രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ് 330500201-Secured Loans-Loan From KURDFC എന്ന ശീർഷക പ്രകാരം 31.03.22 ന് തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന ലോൺ തുക 70,10,432/- രൂപയാണ്. എന്നാൽ വായ്പാരജിസ്റ്റർ പ്രകാരം ഇതേ തീയതിയിൽ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക 63,96,000/- രൂപ മാത്രമാണ്. 2020-21 വർഷത്തിൽ തിരിച്ചടച്ചതായി വായ്പാ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന 6,14,431/- രൂപ മേൽ ശീർഷകത്തിൽ രേഖപ്പെടുത്താത്തതാണ് വ്യത്യാസത്തിന് കാരണം.

1-10-15 ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വാർഷിക കണക്കിൽ ബാലൻസ് ഷീറ്റിൽ ഷെഡ്യൂൾ ബി-7 ൽ ഉൾപ്പെട്ട ശീർഷകങ്ങളിലെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകളുടെ കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല.

1-10-16 ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ-അപാകങ്ങൾ

1. കനറാ ബാങ്ക് തനത് ഫണ്ട് അക്കൗണ്ടിന്റെ (അക്കൗണ്ട് നം. 4213101002300) 03/22-ലെ റീകൺസിലിയേഷൻ പത്രിക പ്രകാരം Cheque Deposited But Not Cleared എന്നയിനത്തിൽ ഡയറക്ട് ഡെപ്പോസിറ്റ് ആയി 140200101-Penalties & Fines- Penal Interest ആയി 25971/- രൂപ വരവ് വന്നതായി (Rpt.No.1210000198/04.03.22) കാണുന്നു. ബാങ്കിലേക്ക് നേരിട്ട് സ്വീകരിച്ചതും രസീറ്റ് ചെയ്തതുമായ തുക Cheque Deposited But Not Cleared എന്ന ശീർഷകത്തിൽ വന്നതെങ്ങനെയെന്ന് വ്യക്തമല്ല.

2. എസ്.ബി.ഐ – തനത് ഫണ്ട് (അക്കൗണ്ട് നം.32878675682) എന്ന അക്കൗണ്ടിന്റെ 03/22 ലെ റീകൺസിലിയേഷൻ പത്രിക പ്രകാരം Cheque Deposited But Not Cleared എന്നയിനത്തിൽ 20,816/- രൂപ അവശേഷിക്കുന്നു. ടി തുകയിൽ 07/21 മുതൽക്കുള്ള കാലയളവിലെ തുകകൾ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടില്ല. ഇടപാട് നടന്ന് ദീർഘകാലമായിട്ടും ടി തുകകൾ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടില്ല.

1-10-17 അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല

അഡ്വാൻസ് രജിസ്റ്റർ എഴുതിസൂക്ഷിക്കുന്നില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 ൽ ഉൾപ്പെട്ട ശീർഷകങ്ങളിലെ തുകകൾ നൽകിയതിന്റെയും തിരികെ ലഭിച്ചതിന്റെയും/അഡ്ജസ്റ്റ് ചെയ്തതിന്റെയും വിവരങ്ങളുടെ കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല.

1-10-18 ഡെപ്പോസിറ്റ് വർക്ക്-തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി

460500201-Advance To Implementing Agencies-Deposit With Kerala Water Authority എന്ന ശീർഷകത്തിന്റെ ലെഡ്ജർ പരിശോധിച്ചതിൽ JV.No. 42101297/31.03.22 പ്രകാരം 2,35,935/- രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ടി തുക ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത് ഭൂജല വകുപ്പിനാണ് (വൗച്ചർ നം. 22101164/04.03.22-1,04,000, 22101255/29.03.22- 1,30,000/-).

1-10-19 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

1-10-20 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase/decrease In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് – 50,88,630 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,24,48,942/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

1-10-21 ആസ്തികുളുടെ ഡിപ്രിസിയേഷൻ-രേഖകൾ ലഭ്യമാക്കിയില്ല

ഇൻകം & എക്സ്പൻഡിച്ചർ പത്രിക ഷെഡ്യൂൾ I-17(A) പ്രകാരം രേഖപ്പെടുത്തിയ ഡിപ്രിസിയേഷൻ തുകകളുടെ കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റ്, ജേണൽ വൗച്ചർ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഡിപ്രിസിയേഷൻ തുകകൾ കണക്കാക്കിയത് ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

1-10-22 ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-12 പ്രകാരം 5000/- രൂപയുടെ നിക്ഷേപം ഉണ്ട്. എന്നാൽ ഇൻവെസ്റ്റ്മെന്റ്

സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1-10-23 Income And Expenditure Account പ്രകാരം മിച്ചതുക (Gross Surplus/(Deficit)of Income Over Expenditure After Prior Period Items)- തെറ്റായ തുക കണക്കാക്കി

Income And Expenditure Account പ്രകാരം മിച്ചതുക കണക്കാക്കിയതിന്റെ വിവരങ്ങൾ

പഞ്ചായത്തിന്റെ ആകെ വരുമാനം (A)		13,43,33,932.00
ആകെ ചെലവ് (B)		13,92,35,788.00
മിച്ചം തുക C= A-B		(-) 49,01,856.00
Prior Period Income	1,63,106.00	
Prior Period Expenditure	840.00	
Net Difference Between Prior Period Income And Expenses (D)		1,62,266.00
Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മി ച്ച തുക (E) = C+D		(-)47,39,590.00

എന്നാൽ Income And Expenditure Account-ൽ മിച്ച തുകയായി ചേർത്തിട്ടുള്ളത് (-) 50,64,122 രൂപയാണ്. എന്നാൽ 31/3/22-ലെ ബാലൻസ് ഷീറ്റിലേക്ക് താഴെ ചേർത്തിരിക്കും പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടുള്ളത് ശരിയായ (-) 47,39,590/- രൂപ തന്നെയാണ്.

31/3/21 ട്രയൽ ബാലൻസ് പ്രകാരം മിച്ച തുക ക്രമീകരിക്കുന്നതിനു മുമ്പ് 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ്	10103986.50
കൂട്ടുക-Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മി ച്ച തുക (E) =C+D	(-)4739590.00
31/3/22 ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ്	5364396.50

സോഫ്റ്റ്വെയറുമായി ബന്ധപ്പെട്ട അപാകതകൾ IKM-ന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കേണ്ടതാണ്.

1-11 വില്ലേജിൽ നിന്നുള്ള വാല്യൂവേഷൻ സാക്ഷ്യപത്രമില്ലാതെ കെട്ടിടനമ്പർ അനുവദിക്കുന്നു

സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്)231/15/ത.സ്വ.ഭ.വ തീ. 9.7.15 പ്രകാരം കെട്ടിടനമ്പർ അനുവദിക്കുമ്പോൾ വില്ലേജിൽ നിന്നുള്ള വാല്യൂവേഷൻ സാക്ഷ്യപത്രം കൂടി വാങ്ങി സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തിൽ വില്ലേജിൽ നിന്നുള്ള വാല്യൂവേഷൻ സാക്ഷ്യപത്രമില്ലാതെയാണ് താഴെ പറയുന്ന കെട്ടിടത്തിന് കെട്ടിട നമ്പർ അനുവദിച്ചതായി കാണുന്നത്.

ക്രമ നം.	കെട്ടിട നം.	വിസ്തീർണ്ണം (ച. മീ)	ഉപയോഗക്രമം
1	V/421D	58.08	വാണിജ്യം

വില്ലേജിൽ നിന്നുള്ള വാല്യൂവേഷൻ സാക്ഷ്യപത്രമില്ലാതെ കെട്ടിടനമ്പർ അനുവദിച്ചതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻകയറി 29/15.2.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ കെട്ടിട നമ്പറുകൾ അനുവദിക്കുമ്പോൾ സർക്കാർ ഉത്തരവുകൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-12 ജില്ലാ കളക്ടറുടെ അനുമതിയില്ലാതെ പെട്രോൾ പമ്പിന് പെർമിറ്റ് അനുവദിച്ചു

അപേക്ഷ നം. ബി3/250/20 തീ. 16.1.20,പെർമിറ്റ് നം. ബി3/250/20 തീ. 22.4.21 എന്നിവ പ്രകാരം ശ്രീ. നന്ദകുമാർ പി. വി, പാലക്കപറമ്പിൽ ഹൗസ്, അളഗപ്പനഗർ എന്നവരുടെ 370 ച. മീറ്റർ വരുന്ന പെട്രോൾ പമ്പിന്റെ നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ട്. ആയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു

1. പെട്രോൾ പമ്പിന്റെ നിർമ്മാണത്തിന് ജില്ലാ കളക്ടറുടെ അനുമതി ആവശ്യമാണ്. ആയത് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2. പെട്രോൾ പമ്പിന്റെ ടാങ്കിന്റെ സ്ഥാനം നിർണ്ണയിച്ച പ്ലാനിന് CTP യുടെ അംഗീകാരം ആവശ്യമാണ്. ആയത് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മുകളിൽ പറഞ്ഞ അപാകതകൾക്ക് മറുപടി ലഭ്യമാക്കണമെന്ന് ഓഡിറ്റ് എൻകയറി 20/14.2.23 നൽകിയെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയില്ല. ആവശ്യ രേഖകളില്ലാതെ പെട്രോൾ പമ്പിന് പെർമ്മിറ്റ് അനുവദിച്ചത് പുനഃപരിശോധിക്കേണ്ടതാണ്. KPBR ചട്ടങ്ങൾ പാലിച്ച് മാത്രം പെർമിറ്റ് അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-13 ക്രമവത്ക്കരണ ഫീ ഈടാക്കിയില്ല

1. അപേക്ഷ ന.JC1/4071/21 തീ. 28.9.21 പ്രകാരം ശ്രീ. ഷമീർ പി.യു, പുളിക്കൻ പീടികയിൽ ഹൗസ്, മുള്ളൂർക്കര എന്നവരുടെ 618.58 ച. മീ വിസ്തൃതി വരുന്ന കെട്ടിടം ക്രമവത്ക്കരിക്കുന്നതിന് അപേക്ഷ നൽകിയിരുന്നു. ടി കെട്ടിടം ക്രമവത്ക്കരണം നടത്തി 12/539 A, B, C, D, E, F, G, H എന്നി കെട്ടിടനമ്പറുകൾ അനുവദിച്ചിട്ടുണ്ട്. ഈ കെട്ടിടത്തിന്റെ ക്രമവത്ക്കരണ ഫീസ് 618.58 X 14 = 8660.12/- രൂപ വരും. ആയത് അടവാക്കിയിട്ടില്ല. രശീതി പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻകയറി 19/14.2.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ക്രമവത്ക്കരണ ഫീസ് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. പെർമിറ്റ് നം. JC1/883/21 തീ. 1/2/21 പ്രകാരം ശ്രീ. വിജയൻ ബി, കുന്നത്ത് ഹൗസ്, ചെറുത്തുരുത്തി എന്നവർക്ക്

264.74 ച. മീറ്റർ വിസ്തൃതിയിലുള്ള താമസ വാണിജ്യ കെട്ടിടത്തിന് നിർമ്മാണാനുമതി നൽകിയിട്ടുണ്ട്. മൊത്തം വിസ്തൃതിയിൽ 100.89 ച. മീറ്റർ വരുന്ന കെട്ടിടം താമസാവശ്യത്തിനും, ബാക്കി വരുന്ന ഭാഗം വാണിജ്യാവശ്യത്തിനുമാണ്. അപേക്ഷ നം. 5527/21 തീ. 23.12.21 പ്രകാരം കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിക്കുകയും കെട്ടിടത്തിന് 11/434 A, B, C, D, E, F, G, H എന്നി കെട്ടിട നമ്പറുകൾ നൽകുകയും ചെയ്തു. കെട്ടിടത്തിന്റെ പൂർത്തീകരണ പ്ലാൻ പ്രകാരം കെട്ടിടം പൂർണ്ണമായും വാണിജ്യാവശ്യത്തിനാണ്. കെട്ടിടത്തിന്റെ പെർമിറ്റെടുത്ത പ്ലാനിൽ നിന്നും മാറ്റം വരുത്തിയാണ് കെട്ടിടം പൂർത്തീകരണം (266.47 ച. മീ) നടത്തിയിട്ടുള്ളത്. ആയതിനാൽ ഈ കെട്ടിടം ക്രമവത്ക്കരിച്ച് ക്രമവത്ക്കരണ ഫീസ് ഈടാക്കേണ്ടതാണ്. ക്രമവത്ക്കരണ ഫീ ഈടാക്കിയിട്ടുണ്ടെങ്കിൽ രശീതിയുടെ പകർപ്പ് പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻകയറി 28/14.2.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ക്രമവത്ക്കരണ ഫീസ് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-14 ഉപയോഗക്രമത്തിനനുസൃതമായി വസ്തുനികുതി നിർണ്ണയിച്ചില്ല

അപേക്ഷ ന.JC1/4071/21 തീ. 28.9.21 പ്രകാരം ശ്രീ. ഷമീർ പി. യു, പുളിക്കൻ പീടികയിൽ ഹൗസ്, മുള്ളൂർക്കര എന്നവരുടെ 618.58 ച. മീ വിസ്തൃതി വരുന്ന കെട്ടിടം ക്രമവത്ക്കരിക്കുന്നതിന് അപേക്ഷ നൽകിയിരുന്നു. ടി കെട്ടിടം ക്രമവത്ക്കരണം നടത്തി 12/539 A, B, C, D, E, F, G, H എന്നി കെട്ടിടനമ്പറുകൾ അനുവദിച്ചിട്ടുണ്ട്. കെട്ടിടം വാടകയ്ക്ക് നൽകുന്ന ആവശ്യത്തിനാണ് ഉപയോഗിക്കുന്നതെന്നാണ് ഫയലിൽ നിന്നും ബോധ്യപ്പെടുന്നത്. കെട്ടിടം വസ്തുനികുതി നിർണ്ണയിച്ചപ്പോൾ കെട്ടിടത്തിന് താമസാവശ്യത്തിനുള്ള വസ്തുനികുതി നിരക്കാണ് (6/- രൂപ/ച.മീ) നൽകിയിട്ടുള്ളത്. യഥാർത്ഥത്തിൽ ഈ കെട്ടിടത്തിന്റെ ഉപയോഗക്രമം ലോഡ്ജിങ്ങ് ആവശ്യമാണ്. ആയതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻകയറി 19/14.2.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈ കെട്ടിടത്തിന്റെ ഉപയോഗക്രമം ലോഡ്ജിങ്ങ് ആണെങ്കിൽ ലോഡ്ജിങ്ങ് ഉപയോഗക്രമത്തിനനുസൃതമായ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

1-15 അനധികൃത ഫാമുകൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

സഞ്ചയ സോഫ്റ്റ്]വെയർ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം താഴെപറയുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം കോഴിഫാമുകളും, കന്നുകാലി ഫാമുകളുമാണ്.

ക്രമ	കെട്ടിട നം.	ഉടമസ്ഥൻ	വിസ്തീർണ്ണം (ച.മീ)	ഉപയോഗക്രമം
1	14/173A	ഹംസ, ജമീല, ലത്തീഫ്	100	കോഴിഫാം
2.	1/370A	മനോജ് കുര്യൻ, ചെമ്മണ്ണൂർ വീട്	39.67	" "
3.	1/370B	" "	47.58	" " "
4.	1/370C	" "	47.58	" " "
5	1/370D	" "	47.58	" " "
6	1/370E	" "	47.58	" " "
7	3/212A	അനിൽ കുമാർ	74.15	ലൈവ് സ്റ്റോക്ക് ഫാം
8	13/177C	അഷറഫ്, ഇല്ലിക്കോട്ടിൽ	86.4	" " "

എന്നാൽ ഈ ഫാമുകളൊന്നും തന്നെ 2021-22 സാമ്പത്തിക വർഷത്തിൽ ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് എടുത്തിട്ടില്ല. കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ പ്രകാരം അനധികൃതഫാമുകൾ പ്രവർത്തിക്കുന്ന കാലയളവിൽ സ്റ്റോപ്പ് മെമ്മോ നൽകി പിഴ ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന് സ്ഥാപനതൊഴിൽ നികുതി, ലൈസൻസ് ഫീ എന്നി ഇനങ്ങളിൽ നഷ്ടം സംഭവിക്കുന്നു. ആയതിനാൽ ഈ അനധികൃത ഫാമുകൾക്കെതിരെ ഗ്രാമപഞ്ചായത്ത് എടുത്തിട്ടുള്ള നടപടികൾ അറിയിക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻകയറി 18/14.2.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ അനധികൃത ഫാമുകൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 യന്ത്ര സാമഗ്രികൾ, മരം എന്നിവ സമയബന്ധിതമായി ലേലം ചെയ്യേണ്ടതാണ്

1. ഭരണസമിതിയുടെ 16.10.21-ാം തിയ്യതിയിലെ തീരുമാനം 17(1) പ്രകാരം പാള, പേപ്പർ പ്ലേറ്റ് എന്നിവ നിർമ്മിക്കുന്നതിനുള്ള യന്ത്രസാമഗ്രികൾ ലേലം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതുപ്രകാരം യന്ത്രസാമഗ്രികൾ വാല്യൂവേഷൻ ചെയ്ത് ലേലം നടത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത ലേലവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻകയറി 15/10.2.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ യന്ത്രസാമഗ്രികൾ വാല്യൂവേഷൻ ചെയ്ത് ലേലം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ലേല പരസ്യം നം. A2/4424/21 തീ. 22.11.21 പ്രകാരം 29.11.21-ാം തിയ്യതിയിൽ മഴമരം ലേലം ചെയ്തിട്ടുണ്ട്. ഫോറസ്ട്രി വകുപ്പിന്റെ കത്ത് പ്രകാരം (SF2 3584/21 തി.8.10.21) മരത്തിന്റെ വാല്യൂവേഷൻ 20,679/- രൂപയാണ്. മുകളിൽ പറഞ്ഞ ലേലത്തിൽ, മരം ആരും എടുത്തില്ല. പ്രസ്തുത മരം പിന്നീട് ലേലം ചെയ്ത് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻകയറി 15/10.2.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മരം മുറിച്ചിട്ട് ഒരു വർഷത്തിലധികമായി. ആയതിനാൽ മരം എത്രയും വേഗം പുനർലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-17 സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല

2021-22 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	അർദ്ധ വാർഷികം
1	ബി.എസ്.എൻ.എൽ	I,II
2	കെ.എസ്.ഇ.ബി	I,II
3	സ്റ്റാർ പ്ലാസ്റ്റിക്സ്	I
4	എം.വി.എസ്.സി.ബി, മുള്ളൂർക്കര	II
5	ന്യൂഹിന്ദുസ്ഥാൻ, ആറ്റൂർ	II
6	റാഡിക്സ് പ്രിന്റേഴ്സ്	I,II
7	ഖാൻ പെട്രോളിയം	I,II

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി 17/13.2.23 മറുപടിയൊന്നും തന്നെ ലഭ്യമാക്കിയില്ല. ആയതിനാൽ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-18 ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല

1. താഴെ പറയുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

ക്രമ നം.	സ്ഥാപനം	രജിസ്ട്രഷൻ നം.	ജീവനക്കാരുടെ എണ്ണം
1	മുരളീധരൻ ആയുർസ്റ്റാർ ഹെൽത്ത് സെന്റർ	1/21-22	ഡോക്ടർ-1 നഴ്സ്-1 ക്ലീനർ /കുക്ക്-1 തെറാപ്പിസ്റ്റ്-3
2	കെയർവെൽ ഡെന്റൽ ക്ലിനിക്	4/21-22	ഡോക്ടർ-2
3	നീതി സ്പെഷ്യാലിറ്റി ലാബ്	3/21-22	ലാബ് ടെക്നീഷ്യൻ-1

തൊഴിൽ നികുതി അടവാക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി 17/13.2.23 ന് അടവാക്കിയിട്ടില്ലായെന്നാണ് മറുപടി ലഭ്യമാക്കിയത്. ആയതിനാൽ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

2. 2021-22 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	അർദ്ധ വാർഷികം
1	ഹോട്ടൽ കല്ലേരി	I,II
2	മദീന ഹോട്ടൽ	II

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (17/13.2.23) സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിച്ചില്ലായെന്നാണ് മറുപടി നൽകിയത്. ഗ്രാമപഞ്ചായത്ത്, ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത രേഖകളോ,സ്ഥാപനം തുറന്നു പ്രവർത്തിക്കുന്നില്ലായെന്ന് സ്ഥാപനം തന്നെ നൽകിയ രേഖകളോ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

1-19 അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യ നിർണ്ണയം ഇല്ലാതെ മണ്ണ് ലേലം ചെയ്തു

ലേല പരസ്യം നം. എ2-1907/20 തി.5.8.21 പ്രകാരം പള്ളത്ത് കോളനി റോഡ് മണ്ണ് 16.8.21-ാം തിയ്യതിയിൽ ലേലം നടത്തിയിരുന്നു. ശ്രീ. മനോജ് പി. എം, മാസ് എർത്ത് മൂവേഴ്സ് നൽകിയ 101 രൂപ/ഘനമീറ്റർ നിരക്കിലുള്ള ക്വട്ടേഷൻ ഭരണസമിതിയുടെ 24/8/21-ാം തിയ്യതിയിലെ തീരുമാനം 4(1) പ്രകാരം അംഗീകരിച്ച് ലേലം ഉറപ്പിച്ചു. ഏകദ്ദേശം 6283 ഘന മീറ്റർ മണ്ണ് കട്ട് ചെയ്ത് നീക്കാനുണ്ടെന്നാണ് ഫയലിൽ നിന്നും ബോധ്യപ്പെടുന്നത്. ഭരണസമിതിയുടെ 2/2/21-ാം തിയ്യതിയിലെ തീരുമാനം 1(5) പ്രകാരം മണ്ണിന് ഘനമീറ്ററിന് 80രൂപ/ഘനമീറ്റർ എന്ന നിരക്ക് നിശ്ചയിച്ചാണ് ലേലം നടത്തിയത്. മണ്ണ് ലേലം എറ്റെടുത്തയാൾ ആകെ ഡെപ്പോസിറ്റ് തുക 5000/- രൂപയും (രശീതി നം. 1210100768/16.8.21), രശീതി നം. 1210100782/16.8.21 പ്രകാരം 38,138/-രൂപയുമാണ് ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടുള്ളത്. ലേലം കൊണ്ട മണ്ണിന്റെ ആകെ തുക 6,34,583/- (6283x101) രൂപയാണ്. ബാക്കി തുക അടവാക്കിയതായി കാണുന്നില്ല. മണ്ണിന്റെ വാല്യൂവേഷൻ എടുത്ത് ലേലം ചെയ്തത് ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്. അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും വാല്യൂവേഷൻ വാങ്ങിയില്ല. As Per Morth, MorD പ്രകാരം മണ്ണിന്റെ (Earth)നിരക്ക് 169.71രൂപ/ഘന മീറ്ററാണ്. As Per DAR Item No:0979-Royality For Good Earth നിരക്ക് 40രൂപ/ഘനമീറ്ററാണ്. മണ്ണിന്റെ മൂല്യം മുകളിൽ പറഞ്ഞ പ്രകാരമുള്ളപ്പോൾ എന്തുകൊണ്ടാണ് 80രൂപ/ഘനമീറ്റർ എന്ന നിരക്കിൽ ഭരണസമിതി തീരുമാനമെടുത്ത് ലേലം ചെയ്തത് എന്നതിന് മറുപടി ലഭ്യമാക്കണമന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻകയറി 9/10.2.23 നൽകി. ലേലം കൊണ്ടിട്ടുള്ളത് 101/- രൂപയ്ക്കാണ്. റോയൽറ്റി കരാറുക്കാരൻ തന്നെ അടവാക്കുമെന്നും, ലേലം ചെയ്ത് തുക 101രൂപ+40/- (റോയൽറ്റി) + കട്ടിങ്ങ് ചാർജ്ജ് എന്നിവ കൂടി നോക്കുമ്പോൾ ഗ്രാമപഞ്ചായത്തിന് നഷ്ടം വരില്ലായെന്നും, ജിയോളജി വകുപ്പിന്റെ

അനുമതി ലഭിക്കാത്തതിനാൽ മണ്ണ് കട്ടിംഗ് നടത്തുന്നതിന് സാധിക്കാത്തതിനാലാണ് മുഴുവൻ തുകയും ലേലം എറ്റെടുത്ത കരാറുക്കാരൻ അടവാക്കാതിരുന്നതെന്നും അറിയിച്ചു. മണ്ണ് കട്ട് ചെയ്ത് സ്റ്റോക്ക് ചെയ്യാൻ സാധിക്കാത്തതിനാലാണ് 2.2.21-ാം തിയ്യതിയിലെ ഭരണസമിതി തീരുമാനം 1(5) പ്രകാരം 80/-രൂപ/ഘനമീറ്റർ എന്ന നിരക്ക് തീരുമാനിച്ചതെന്നും മറുപടി നൽകി.

ലേലം നടപടിക്രമങ്ങളിലെ അപാകതകൾ

1. മണ്ണിന്റെ വാല്യൂവേഷൻ എടുത്ത് ലേലം ചെയ്തത് ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്. ആയത് ചട്ടപ്രകാരം നിർവ്വഹിക്കേണ്ടത് അസിസ്റ്റന്റ് എഞ്ചിനീയറാണ്.

2. ലേലം ചെയ്ത് തുക 101രൂപ + 40/- (റോയൽറ്റി) + കട്ടിങ്ങ് ചാർജ്ജ് എന്നിവ കൂടി നോക്കുമ്പോൾ ഗ്രാമപഞ്ചായത്തിന് നഷ്ടം വരില്ലായെന്നാണ് ഓഡിറ്റ് എൻകയറിയ്ക്ക് മറുപടി നൽകിയത്. കട്ടിങ്ങ് ചാർജ്ജ് പളളത്ത് കോളനി റോഡ് പ്രൊജക്ടിൽ ഉൾപ്പെട്ടിട്ടുളളതാണ്. അതായത് കട്ടിങ്ങ് ചാർജ്ജ് വീണ്ടും വരുന്നില്ല.ലേലതുക 101/-രൂപ/ഘനമീറ്ററാണ്. ആയതു പരിഗണിച്ചാൽ ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടില്ലായെന്ന് പറയാൻ സാധിക്കില്ല.

3. As Per Morth,MorD പ്രകാരം മണ്ണിന്റെ (Earth)നിരക്ക് 169.71രൂപ/ഘന മീറ്ററാണ്. As Per DAR Item No:0979-Royality For Good Earth നിരക്ക് 40രൂപ/ഘനമീറ്ററാണ്. ലേലം നടത്തുന്നതിനുള്ള അടിസ്ഥാന വിലയായി എടുക്കേണ്ടത് മേൽപ്പറഞ്ഞ നിരക്കാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ലേലം നടത്തുന്നതിനുള്ള മണ്ണിന്റെ അടിസ്ഥാന വിലയായി എടുത്തിട്ടുളളത് 80രൂപ/ഘനമീറ്ററാണ്. ലേല തുകയായി 6283 ഘന മീറ്റർ മണ്ണിന് 101രൂപ/ഘനമീറ്റർ എന്ന നിരക്കാണ് ലേലത്തിൽ ലഭ്യമായത്. ആയതുമൂലം ഗ്രാമപഞ്ചായത്തിന് സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുളളതായി ഓഡിറ്റ് വിലയിരുത്തുന്നു.

4. മണ്ണിന്റെ അളവ് 6283 ഘന മീറ്റർ എന്നത് ഏകദ്ദേശ കണക്ക് മാത്രമാണ്. കട്ടിങ്ങ് ചെയ്തു കഴിയുമ്പോൾ 6283 ഘന മീറ്ററിനേക്കാൾ കൂടുതൽ മണ്ണ് ലഭിക്കാം. ആയതുകൂടി പരിഗണിച്ചാൽ ലേല നടത്തിപ്പിലെ സാമ്പത്തിക നഷ്ടം വർദ്ധിക്കാം

1-20 മണ്ണിന്റെ വാല്യൂവേഷൻ എടുത്ത് ലേലം ചെയ്യാതെ കരാറുക്കാരന് വെറുതെ നൽകി

ആറ്റൂർ ഗവ. യു.പി സ്കൂളിന്റെ പഴയ കെട്ടിടം പൊളിച്ചതിന്റെ ലേലം 23.2.21-ാം തിയ്യതിയിൽ നടത്തുകയും ലേലത്തിൽ ഹരിദാസ്, കുണ്ടുപ്പറമ്പിൽ എന്നയാൾ 2,21,700/- രൂപയ്ക്ക് ലേലം എടുക്കുകയും ചെയ്തു. സെക്രട്ടറിയുടെ സാക്ഷ്യപത്രം എ2-555/21 തി. 22.9.21 പ്രകാരം മുള്ളൂർക്കര ഗ്രാമപഞ്ചായത്തിലെ ആറ്റൂർ സ്കൂളിന്റെ പഴയ കെട്ടിടത്തിന്റെ ഒരുഭാഗം പൊളിച്ചു മാറ്റുന്നതിന് ലേലം കൊണ്ട ഹരിദാസ്, കുണ്ടുപ്പറമ്പിൽ എന്നവർക്ക് പൊളിച്ച കെട്ടിട അവശിഷ്ടങ്ങളും, തറ നിരപ്പാക്കുന്നതിനായി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള 279 ഘനമീറ്റർ മണ്ണും പ്രസ്തുത സ്ഥലത്തുനിന്നും നീക്കം ചെയ്യാവുന്നതാണെന്ന് സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറുടെ- SC2/691/21 തി. 9.2.21 സ്കൂളിന്റെ വാല്യൂവേഷൻ സാക്ഷ്യപത്രത്തിൽ മേൽപ്പറഞ്ഞ മണ്ണിന്റെ വാല്യൂവേഷൻ ഉള്ളതായി കാണുന്നില്ല.ആയതിനാൽ എന്തുകൊണ്ടാണ് ഈ മണ്ണ് വാല്യുവേഷൻ ചെയ്ത് വേറെ ലേലം നടത്താതെ കെട്ടിടം പൊളിച്ച് കൊണ്ടുപോകുന്നതിന് ലേലം എടുത്ത ഹരിദാസ്, കുണ്ടുപ്പറമ്പിൽ എന്നയാൾക്ക് തന്നെ നൽകിയത് എന്നതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻകയറി 8/10.2.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. As Per Morth,MorD പ്രകാരം മണ്ണിന്റെ (Earth)നിരക്ക് 169.71രൂപ/ഘന മീറ്ററാണ്. As Per DAR Item No:0979-Royality For Good Earth നിരക്ക് 40രൂപ/ഘനമീറ്ററാണ്. ആയതു കണക്കിലെടുത്താൽ 279 ഘനമീറ്റർ മണ്ണിന് 58,509/- രൂപ (279x209.71) വരും. മണ്ണ് വാല്യൂവേഷൻ എടുത്ത് ലേലം ചെയ്യാതെ കെട്ടിടം പൊളിച്ച് കൊണ്ടുപോകുന്നതിന് ലേലം എറ്റെടുത്ത ഹരിദാസ്, കുണ്ടുപ്പറമ്പിൽ എന്നയാൾക്ക് നൽകി. ആയതുമൂലം ഗ്രാമപഞ്ചായത്തിന് സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയതിനാൽ ഇത്തരത്തിലുള്ള ചട്ട ലംഘനങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-21 റോഡ് റീസ്റ്റോറേഷൻ ചാർജ്ജ് ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല

ബി.എസ്.എൻ.എൽ അപേക്ഷ നം. ROW/1018579 തി. 15.11.21 പ്രകാരം തൃശൂർ-മുള്ളൂർക്കര റോഡിൽ ബി.എസ്.എൻ.എൽ ടവറിൽ നിന്നും മുള്ളൂർക്കര ഹൈ സ്കൂൾ ഗേറ്റ് വരെ 130 മീറ്റർ നീളത്തിൽ OFC Cable സ്ഥാപിക്കുന്നതിന് അപേക്ഷ നൽകിയിട്ടുണ്ട്. 60 സെന്റിമീറ്റർ വീതിയാണ് അപേക്ഷയിലുള്ളത്. ഗ്രാമപഞ്ചായത്തിന്റെ അസിസ്റ്റന്റ് എഞ്ചീനിയർ റോഡ് റീസ്റ്റോറേഷൻ ചാർജ്ജായി 21,051/- രൂപ വാല്യൂവേഷൻ നൽകിയിട്ടുണ്ട്. 0.45 മീറ്ററാണ് റോഡ് റീസ്റ്റോറേഷൻ ചാർജ്ജ് കണക്കാക്കുന്നതിന് റോഡിന്റെ വീതിയായി എടുത്തിട്ടുള്ളത്. അപേക്ഷ പ്രകാരം 0.60 മീറ്ററാണ് വീതി. 0.90 മീറ്ററാണ് (0.60 മീറ്ററിന്റെ ഒന്നരയിരട്ടി) റോഡ് റീസ്റ്റോറേഷൻ ചാർജ്ജ് കണക്കാക്കുന്നതിന് വീതിയായി എടുക്കേണ്ടത്. എന്നാൽ 0.45 മീറ്ററാണ് എടുത്തിട്ടുള്ളത്. റീസ്റ്റോറേഷൻ ചാർജ്ജ് ഡിമാന്റ് ചെയ്ത് ഈടാക്കി OFC Cable സ്ഥാപിക്കുന്നതിന് ബി.എസ്.എൻ.എല്ലിന് അനുമതി നൽകിയിട്ടുണ്ടോ എന്നതിന് മറുപടി ലഭ്യമാക്കണമെന്ന ആവശ്യപ്പെട്ട് ഓഡിറ്റ് എൻകയറി 7/10.2.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ബി.എസ്.എൻ.എൽ ഗ്രാമപഞ്ചായത്തിൽ നിന്നും അനുമതി ലഭിക്കാതെ ഈ റോഡിൽ OFC Cable സ്ഥാപിച്ചിട്ടുണ്ടെന്നാണ് ഗ്രാമപഞ്ചായത്തിലെ ഓവർസിയർ ഓഡിറ്റിനെ ബോധ്യപ്പെടുത്തിയിട്ടുളളത്. ഗ്രാമപഞ്ചായത്ത് നാളിതുവരെ റീസ്റ്റോറേഷൻ ചാർജ്ജ് ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ റോഡ് കട്ട് ചെയ്ത് OFC Cable സ്ഥാപിച്ച ബി.എസ്.എൻ.എല്ലിൽ നിന്നും റീസ്റ്റോറേഷൻ ചാർജ്ജ് ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. അതുപോലെ റോഡ് റീസ്റ്റോറേഷൻ ചാർജ്ജ് കണക്കാക്കുന്നതിന് എടുത്തിട്ടുള്ള കുഴിയുടെ വീതി 0.90 ആക്കി പുനർമൂല്യനിർണ്ണയം നടത്തി, ആയതു ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. 130 മീറ്റർ ബെം കട്ടിങ്ങായാണ് റീസ്റ്റോറേഷൻ ചാർജ്ജ് കണക്കാക്കിയിട്ടുളളത്. ആയതിനാൽ അസിസ്റ്റന്റ് എഞ്ചിനീയറുമായി സ്ഥല പരിശോധന നടത്തി റോഡിലെ ടാർ പൊളിച്ചിട്ടുണ്ടോയെന്നുള്ള കാര്യം കൂടി പരിശോധിക്കേണ്ടതാണ്.

ടാർ പ്രതലം ഉണ്ടെങ്കിൽ റീസ്റ്റോറേഷൻ വിഡ്ത്ത് മിനിമം 1 മീറ്റർ ആയി പരിഗണിച്ചുവേണം റീസ്റ്റോറേഷൻ ചാർജ് ഈടാക്കേണ്ടത്. പഞ്ചായത്തിന് അർഹമായ തുക ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

1-22 അനധികൃത ഭൂവികസനം നടത്തിയത്-ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഉത്തരവ് നം : ബി3-6674/27.11.18 പ്രകാരം ഗോപിനാഥൻ മുതൽപേർ, വാഴക്കോട്ടുകുളം വീട്, മുള്ളൂർക്കര എന്നവരുടെ പ്ലോട്ടിൽ അനധികൃത ഭൂവികസനം നടക്കുന്നതിനെതിരെ സ്റ്റോപ്പ് മെമ്മോ നൽകുകയും, പ്ലോട്ടിന്റെ വിസ്തൃതി 0.7300 ഹെക്ടറുള്ളതിനാൽ ടൗൺ പ്ലാനറുടെ അനുമതി വേണമെന്നും അറിയിച്ചിട്ടുള്ളതായി കാണുന്നു. ആയതുപ്രകാരം ജില്ലാ ടൗൺ പ്ലാനർക്കും, ഗ്രാമപഞ്ചായത്തിലേക്കും (അപേക്ഷ നം. B3-483/19 തി. 29.1.19) ഭൂവികസനത്തിനായി ശ്രീ. ഗോപിനാഥൻ മുതൽപേർ അപേക്ഷ നൽകിയിട്ടുണ്ട്. ജില്ലാ ടൗൺ പ്ലാനറുടെ കത്ത് നം. സി1-3224/18/Ldis തി. 15.1.19 പ്രകാരം ന്യൂനതകൾ അപേക്ഷനെ അറിയിച്ചിട്ടുണ്ട്. സെക്രട്ടറിയുടെ കത്ത് നം. B3-483/19 തി. 12.2.19 പ്രകാരം ന്യൂനതകൾ അപേക്ഷനെ അറിയിച്ചതായി കാണുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ അപേക്ഷ നം. 3363/21 തി. 6.8.21 പ്രകാരം ശ്രീ. രാജീവ് & സുനിത, പൊട്ടയിൽ ഹൗസ്, കാഞ്ഞിരശേരി എന്നവർ 90.68 ച.മീ വിസ്തൃതി വരുന്ന വാണിജ്യ കെട്ടിടം പ്രസ്തുത പ്ലോട്ടിൽ പണിയുന്നതിനായി പെർമിറ്റ് ലഭിക്കുന്നതിനായി അപേക്ഷിച്ചിരുന്നു. പ്രസ്തുത പ്ലോട്ടിൽ സ്ഥല പരിശോധന നടത്തിയ ഓവർസിയറുടെ റിപ്പോർട്ടിൽ -ടി പ്ലോട്ട് നിൽക്കുന്ന സ്ഥലം, നിലവിൽ പ്ലോട്ടുകളായി തിരിച്ച് വിൽപ്പന നടത്തിയിട്ടുള്ള സ്ഥലമായി കാണുന്നു. സ്ഥല ഉടമയ്ക്ക് (ശ്രീ. ഗോപിനാഥൻ മുതൽപേർ) മുകളിൽ പ്രസ്താവിച്ച ഉത്തരവു പ്രകാരം സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുള്ളതാണ്. ശ്രീ. ഗോപിനാഥൻ മുതൽപേർ അനധികൃതമായി ഭൂവികസനം നടത്തി വിൽപ്പന നടത്തിയ പ്ലോട്ടിലാണ് ശ്രീ. രാജീവ് & സുനിത, പൊട്ടയിൽ ഹൗസ്, കാഞ്ഞിരശേരി എന്നവർ കെട്ടിട നിർമ്മാണാനുമതി ആവശ്യപ്പെട്ടിട്ടുള്ളതെന്നും, ആയതിനാൽ KPBR 2019 ചട്ടം 3 (1) പ്രകാരം ചട്ടലംഘനമുണ്ടെന്നും റിപ്പോർട്ട് ചെയ്തതായി കാണുന്നു. പിന്നിട് ശ്രീ. രാജീവ് & സുനിത, പൊട്ടയിൽ ഹൗസ്, കാഞ്ഞിരശേരി എന്നവർക്ക് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WP(C)28581/21 വിധി പ്രകാരം കെട്ടിടനിർമ്മാണാനുമതി അവരുടെ പ്ലോട്ടിൽ നൽകിയിട്ടുണ്ട്.

ആയതിനാൽ അനധികൃതമായി ഭൂവികസനം നടത്തി പ്ലോട്ടുകൾ വിൽപ്പന നടത്തിയ ശ്രീ. ഗോപിനാഥൻ മുതൽപേർ, വാഴക്കോട്ടുകുളം വീട് എന്നവർക്കെതിരെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ പ്രകാരം എടുത്ത നടപടികൾ ഓഡിറ്റിനെ അറിയിക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻകയറി 23/15.2.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ നടത്തുന്ന എല്ലാ ഭൂവികസനങ്ങൾക്കും ചട്ടപ്രകാരമുള്ള നിയമ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-23 അഗതി രഹിത കേരളം പദ്ധതി തുക കൈമാറൽ-നാളിതു വരെയും തുക വിനിയോഗിച്ചിട്ടില്ല

അസി. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ അഗതി രഹിത കേരളം - പദ്ധതി തുക കൈമാറൽ (പ്രൊജക്ട് നമ്പർ-14/22-) എന്ന പ്രൊജക്ട് പ്രകാരം വികസനഫണ്ടിൽ (ജനറൽ വിഭാഗം) നിന്നും കുടുംബശ്രീ മെമ്പർ സെക്രട്ടറിയുടെ പേരിൽ കനറാ ബാങ്കിലുള്ള അക്കൗണ്ടിലേക്ക് (നം. 4213101005541) ₹10,000/- വൗച്ചർ നം. 22101375/13.10.21 പ്രകാരം നൽകുകയും ആയത് മേൽ അക്കൗണ്ടിൽ 15.10.21 ന് വരവ് വെക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതു വരെയും മേൽതുക ചെലവഴിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (03/08.02.23) ലഭ്യമാക്കിയ മറുപടി പ്രകാരം അർഹരായ ഗുണഭോക്താക്കൾ തൻവർഷം ഉണ്ടായിരുന്നില്ലെന്നും 2022-23 വർഷം അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി തുക ചെലവഴിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-24 കന്നുകുട്ടി പരിപാലനം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

പ്രൊജക്ടിന്റെ പേരും നമ്പരും	66/22- പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി
നിർവ്വഹണ ഉദ്യോഗസ്ഥൻ	വെറ്ററിനറി സർജൻ
നടപ്പാക്കിയ വർഷം	2021-22
ചെലവഴിച്ച തുക	3,12,500/- (വികസന ഫണ്ട് (ജനറൽ)) (വൗച്ചർ നം. 22101423/16.12.21)

മേൽ പ്രൊജക്ട് പ്രകാരം ഒരു ഗുണഭോക്താവിന് 6250/-രൂപ നിരക്കിൽ 50 ഗുണഭോക്താക്കൾക്കായി 312500/- രൂപ SLBP ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. പ്രൊജക്ട് പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 10/10.02.23)

1-25 മൃഗാശുപത്രിക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ-നാളിതുവരെ ലാപ്ടോപ്പ് ലഭ്യമായിട്ടില്ല

വെറ്ററിനറി സർജ്ജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മൃഗാശുപത്രിക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ (പ്രൊജക്ട് നം. 73/22) പ്രൊജക്ട് പ്രകാരം കേരള സ്റ്റേറ്റ് ഐ.ടി.മിഷനിൽ നിന്നും ലാപ് ടോപ്പ് മീഡിയം എൻഡ്, ഉബുണ്ടു - ഒരെണ്ണം വാങ്ങുന്നതിനായി (പ്രൊഫോർമ ഇൻവോയ്സ് നം. 30375/04.10.21) മെയിന്റൻസ് ഗ്രാന്റ്-റോഡിതരത്തിൽ നിന്നും ₹27,229 കൈമാറിയിട്ടുണ്ട് (വൗച്ചർ നം. 22101377/16.10.21). എന്നാൽ നാളിതുവരെ ലാപ് ടോപ്പ് ലഭ്യമായിട്ടില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13/10.02.23) മറുപടിയായി പ്രൊഫോർമ ഇൻവോയ്സ് പ്രകാരം ആവശ്യപ്പെട്ട ലാപ് ടോപ്പ് ലഭ്യമല്ലാത്തതിനാൽ നൽകിയ തുക പഞ്ചായത്ത് കമ്മറ്റി തീരുമാന പ്രകാരം തിരിച്ചു ലഭിക്കാനായി കേരള സ്റ്റേറ്റ് ഐ.ടി.മിഷനിലേക്ക് കത്തയച്ചിട്ടുണ്ട് എന്നറിയിച്ചു. മേൽ വിഷയത്തിലുള്ള തുടർനടപടികളുടെ വിവരം

ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-26 വീട് വാസയോഗ്യമാക്കൽ-ആദ്യഗഡു കൈപ്പറ്റിയിട്ടും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

വി.ഇ.ഒ ഇരുനിലംകോട് നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വീട് വാസയോഗ്യമാക്കൽ (ജനറൽ) (പ്രൊജക്ട് നമ്പർ-17/22) എന്ന പ്രൊജക്ട് പ്രകാരം വികസനഫണ്ടിൽ (ജനറൽ) നിന്നും മേൽ പ്രവൃത്തിക്കായി ഓരോ ഗുണഭോക്താവിനും ₹30000/- രൂപ ധനസഹായം ₹15000/- വീതമുള്ള രണ്ട് ഗഡുക്കളായി നൽകുന്നു. മേൽ പ്രൊജക്ട് പ്രകാരം ആദ്യഗഡുവായി ₹15000/- (വൗച്ചർ നം.22101393/15.11.21) ധനസഹായം കൈപ്പറ്റിയ ആസിയ, കുണ്ടുപറമ്പിൽ വീട്, മുള്ളൂർക്കര എന്ന ഗുണഭോക്താവ് നാളിതുവരെയായും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (26/15.02.23) മറുപടിയായി ടി ഗുണഭോക്താവിനെ 2022-23 വർഷത്തിൽ സ്പിൽ ഓവർ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക് മുഴുവൻ തുകയും നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ടി വിഷയത്തിൽ തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-27 ലൈഫ് ഭവന പദ്ധതി-ധനസഹായം കൈപ്പറ്റിയിട്ടും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

വി.ഇ.ഒ. മുള്ളൂർക്കര നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ലൈഫ് ഭവന പദ്ധതി പ്രൊജക്ടുകളിൽ താഴെപറയുന്ന ഗുണഭോക്താക്കൾ ധനസഹായം കൈപ്പറ്റിയിട്ടും ധനസഹായ വിതരണ രജിസ്റ്റർ പ്രകാരം നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

ക്രമ നമ്പർ	പ്രൊജക്ടിന്റെ പേര്	ഗുണഭോക്താവിന്റെ പേര്	നാളിതുവരെ നൽകിയ ധനസഹായം
1	ലൈഫ് ഭവന പദ്ധതി-ജനറൽ	സുബ്രഹ്മണ്യൻ, പുല്ലാനിപ്പറമ്പിൽ, മുള്ളൂർക്കര	40000/- (08.07.21)
2	ലൈഫ് ഭവന പദ്ധതി (എസ്.സി)	വിദ്യ സുരാജ്, അപ്പാനത്ത് പറമ്പിൽ, മുള്ളൂർക്കര	40000/- (07.02.20) 160000/- (22.10.20)
3		സജിമോൾ, കണ്ണമ്പാറ വളപ്പിൽ, കണ്ണമ്പാറ	40000/- (01.01.21) 160000/- (17.02.21)
4		പ്രവീണ ചന്ദ്രജിത്ത്, അപ്പാനത്ത് പറമ്പിൽ, മുള്ളൂർക്കര	40000/- (14.01.21)

മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (27/15.02.23) പഞ്ചായത്ത് ഭരണസമിതിയുടെ 31/10/22 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം 04.01.23 ൽ പണി പൂർത്തീകരിക്കാൻ നിർദ്ദേശിച്ചു കൊണ്ട് നോട്ടീസ് നൽകിയിട്ടുള്ളതും അതിനെത്തുടർന്ന് ഗുണഭോക്താക്കൾ വി.ഇ.ഒ ഓഫീസിൽ നേരിട്ടെത്തി ഉടൻതന്നെ വീട് പണി പൂർത്തീകരിച്ച് തുടർ ഗഡുക്കൾ കൈപ്പറ്റാൻ തയ്യാറാണെന്ന് അറിയിച്ചതായി മറുപടി നൽകിയിട്ടുണ്ട്. ടി വിഷയത്തിലെ തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-28 വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

ക്രമ നം.	പ്രോജക്ട് നമ്പർ	നിർവ്വഹണ ഏജൻസി	വൗച്ചർ നം	തുക (₹)
1	3/22 ഐ.കെ.എം. വിഹിതം നൽകൽ (വികസന ഫണ്ട് ജനറൽ)	ഇൻഫർമേഷൻ കേരള മിഷൻ	22101351/06.08.21	64,270
2	13/22 ജലജീവൻ മിഷൻ പദ്ധതിയ്ക്ക് തുക കൈമാറൽ (വികസന ഫണ്ട് ജനറൽ)	കേരള വാട്ടർ അതോറിറ്റി , പി.എച്ച്.ഡിവിഷൻ	22101418/12.12.21-5,50,000 22101509/14.03.22-5,000	5,55,000
3	80/22 കാൻ തൃശ്ശൂർ-കാൻസർ രോഗികളുടെ പരിരക്ഷ-ജില്ലാ പഞ്ചായത്തിന് വിഹിതം കൈമാറൽ (വികസന ഫണ്ട്	സെക്രട്ടറി, ജില്ലാ പഞ്ചായത്ത് തൃശ്ശൂർ	22101439/05.01.22	1,00,000

	ജനറൽ)			
4	180/22കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ നീട്ടൽ-വാട്ടർ അതോറിറ്റിക്ക് തുക ഡെപ്പോസിറ്റ് ചെയ്യൽ (ധനകാര്യ കമ്മീഷൻ അവാർഡ്)	കേരള വാട്ടർ അതോറിറ്റി, പി.എച്ച്.ഡിവിഷൻ	22101284/29.03.22	8,40,625
5	86/22മുള്ളൂർക്കര ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിയ്ക്കൽ (ധനകാര്യ കമ്മീഷൻ അവാർഡ്)	കെ.എസ്.ഇ.ബി, വടക്കാഞ്ചേരി	22101163/04.03.22-1,86,892	1,86,892
6	175/22 വിവിധ കുടിവെള്ള പദ്ധതികളുടെ ഒറ്റത്തവണ വൈദ്യുതി കണക്ഷൻ-കെ.എസ്.ഇ.ബി-ക്ക് തുക കൈമാറൽ (ധനകാര്യ കമ്മീഷൻ അവാർഡ്)	കെ.എസ്.ഇ.ബി, ചെറുതുരുത്തി	22101246/22.03.22-48,596 22101293/31.03.22-86,055	1,34,651
7	89/22വടക്കുംമുറി കുടിവെള്ള പദ്ധതി-വാർഡ് 4 (ധനകാര്യ കമ്മീഷൻ അവാർഡ്)	ഭൂജല വകുപ്പ്	22101164/04.03.22-1,04,000 22101285/29.03.22-1,30,000	2,34,000
8	174/22-നസ്രത്ത് - മനക്കോട്ട്കാവ് കുടിവെള്ളപദ്ധതി പൂർത്തീകരണം-കേരള വാട്ടർ അതോറിറ്റിക്ക് തുക കൈമാറൽ (ധനകാര്യ കമ്മീഷൻ അവാർഡ്)	കേരള വാട്ടർ അതോറിറ്റി	22101248/22.03.22	1,50,000

മേൽ പദ്ധതികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 01/08.02.23)

1-29 പഞ്ചായത്ത് ഓഫീസിലേക്ക് പ്രിന്റർ വാങ്ങൽ-നാളിതു വരെ പ്രിന്റർ ലഭിച്ചിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ട് നം. 153/22-പഞ്ചായത്ത് ഓഫീസിലേക്ക് പ്രിന്റർ വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം സി.പി.ആർ.സി.എസ് മുഖാന്തിരം കേരള സ്റ്റേറ്റ് ഐ.ടി മിഷനിൽ നിന്നും ഒരു ലേസർ പ്രിന്റർ വാങ്ങുന്നതിനായി (പ്രൊഫോർമ ഇൻവോയ്സ് നം. 34358/02.02.22) ₹12,953 കൈമാറിയിട്ടുണ്ട്(വൗച്ചർ നം. 22101422/14.02.22). എന്നാൽ നാളിതുവരെ പ്രിന്റർ ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (02/08.02.23) മറുപടി ലഭ്യമാക്കിയില്ല. ടി വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-30 വാഹനം വാടകയ്ക്ക് എടുക്കൽ-കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കിയില്ല

അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി താഴെ പറയുംപ്രകാരം വാഹനം വാടകയ്ക്ക് എടുക്കുന്നതിന് 2 പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

1.

പ്രോജക്ട് നമ്പർ/പേര്	വൗച്ചർ നമ്പർ/തീയതി	തുക
119/22 – അസി. എഞ്ചിനീയറുടെ ഓഫീസിന്റെ വാഹനവാടക ചെലവുകൾ	22100231/24.6.2021	25000

2.

62/22 - അസി. എഞ്ചിനീയറുടെ ഓഫീസിന്റെ	22100617/28.10.2021	25000

വാഹനവാടക ചെലവുകൾ	22100616/28.10.2021	25000
	22100610/27.10.2021	25000
	22100702/15.11.2021	25000
	22100703/15.11.2021	25000
	22100917/1.1.2022	25000
	22101020/24.1.2022	25000
	22101124/23.2.2022	25000
	22101231/21.3.2022	25000
	ആകെ	**250000**

രാമകൃഷ്ണൻ പി. കെ എന്നയാൾക്കാണ് തുക നൽകിയിട്ടുള്ളത്. പ്രവൃത്തിയുടെ ക്വട്ടേഷൻ നോട്ടീസിൽ കരാറുകാർക്ക് പാൻ നമ്പർ ഉണ്ടായിരിക്കണം എന്ന് നിബന്ധന വച്ചിരുന്നതായി കാണുന്നു. എന്നാൽ ടിയാന്റെ പാൻ കാർഡിന്റെ പകർപ്പോ മറ്റ് വിവരങ്ങളോ ഫയലിൽ ലഭ്യമല്ല. ഇൻകം ടാക്സ് ആക്ട് സെക്ഷൻ 194 സി പ്രകാരം ഒരു വർഷത്തിൽ 1 ലക്ഷം രൂപയിൽ കൂടുതലുള്ള കരാറുകളിൽ നിന്നും മൊത്തം തുകയുടെ 1% ഇൻകം ടാക്സ് ടി ഡി എസ് ഇനത്തിൽ റിക്കവറി നടത്തി ഇൻകം ടാക്സ് വകുപ്പിൽ അടവാക്കേണ്ടതാണ്. പാൻ കാർഡ് വിവരങ്ങൾ ലഭ്യമല്ലാത്ത കരാറുകാരിൽ നിന്നും കരാർ തുകയുടെ 20% തുക ടി.ഡി.എസ് ആയി ഈടാക്കണമെന്നും ബന്ധപ്പെട്ട നിയമത്തിൽ പറയുന്നു. ശ്രീ. രാമകൃഷ്ണൻ എന്നയാളിൽ ടി.ഡി.എസ് ഇനത്തിൽ തുകയൊന്നും ഈടാക്കിയതായി കാണുന്നില്ല. ആയതിന്റെ കാരണം അറിയിക്കാൻ ഓഡിറ്റ് അന്വേഷണം നമ്പർ 25/15.02.2023 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. പാൻകാർഡ് ഉണ്ടെങ്കിൽ ടിയാനിൽ നിന്നും 1% തുകയായ 2500 രൂപയും ടിയാന് പാൻകാർഡ് ഇല്ലാത്ത പക്ഷം 20% തുകയായ 50000/- രൂപയും ഇൻകം ടാക്സ് ടി.ഡി.എസ് ഇനത്തിൽ ഈടാക്കി ഇൻകം ടാക്സ് വകുപ്പിൽ അടവാക്കേണ്ടതാണ്.

1-31 സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ- മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ഡാറ്റാ ബേസിൽ നിന്നു ഒഴിവാക്കുന്നത് - സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ നിലവിൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്കോ സഹകരണ സ്ഥാപനങ്ങൾ വഴി നേരിട്ടോ ആണ് വിതരണം ചെയ്യപ്പെടുന്നത്. പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും മരണപ്പെട്ട പെൻഷണർമാരുടെ വിവരങ്ങൾ പ്രാദേശിക സർക്കാർ സെക്രട്ടറിമാരെ അറിയിക്കേണ്ടതും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ മരണപ്പെട്ടവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്. എന്നാൽ പെൻഷൻ നേരിട്ട് ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യപ്പെടുന്ന ഗുണഭോക്താക്കളുടെ കാര്യത്തിൽ മരണം സംഭവിച്ചാൽ ഡിസംബർ മാസത്തിൽ വാർഷിക മസ്റ്ററിംഗ് സമയത്ത് മാത്രമേ മരണപ്പെട്ട ഗുണഭോക്താവിന്റെ പെൻഷൻ വിതരണം നിർത്തുന്നതിന് സാധിക്കുകയുള്ളൂ. ഇതൊഴിവാക്കുന്നതിനായി സ.ഉ.(എ).എസ്) നം.97/2020/ധന. തീയതി. 23.09.2020 ഉത്തരവ് പ്രകാരം മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്ത വിധവ പെൻഷൻ ഗുണഭോക്താക്കളുടെയും വിവരങ്ങൾ അങ്കണവാടി/ ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും നീക്കം ചെയ്യാൻ പഞ്ചായത്ത് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ സമയബന്ധിതമായി പെൻഷൻ ഡാറ്റാബേസിൽ നിന്നും നീക്കം ചെയ്യുന്നത് സംബന്ധിച്ച് സർക്കുലർ നം. 63/2021 ധന തിയ്യതി 02.08.2021 പ്രകാരവും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ടി സർക്കുലർ ഖണ്ഡിക 2(1) പ്രകാരം അതത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റ് പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയവർ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആ വിവരം അടുത്ത മാസം 10-ാം തീയതിക്കകം ബന്ധപ്പെട്ട പ്രാദേശിക സർക്കാരിനെ അറിയിക്കേണ്ടതും ആയത് പ്രകാരം പെൻഷൻ ലിസ്റ്റിൽ നിന്നും മരണപ്പെട്ട ഗുണഭോക്താക്കളെ ഒഴിവാക്കേണ്ടതുമാണ്.

2021-22 വർഷത്തിൽ മരണപ്പെടുകയോ പുനർവിവാഹിതരാവുകയോ ചെയ്യുന്ന സാമൂഹ്യ സുരക്ഷിതത്വ പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ അങ്കണവാടി/ആശാവർക്കർമാർ മുഖേന ശേഖരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ മരണപ്പെട്ട പെൻഷൻ ഗുണഭോക്താക്കളെ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും നീക്കം ചെയ്യുന്നത് എപ്രകാരമാണെന്ന് വ്യക്തമാണമെന്നും മേൽ സർക്കുലർ പ്രകാരം മറ്റ് തദ്ദേശഭരണസ്ഥാപനങ്ങളിലെ സ്ഥിരതാമസക്കാരുടെ മരണം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത വിവരങ്ങൾ അതത് സ്ഥാപനങ്ങളെ അറിയിക്കുന്നുണ്ടോയെന്നും ഉണ്ടെങ്കിൽ 2021-22 വർഷത്തിൽ അപ്രകാരം രജിസ്റ്റർ ചെയ്ത മരണങ്ങൾ അറിയിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്നും ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (30/15.02.23) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവിലെയും സർക്കുലറിലെയും മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതും സർക്കാരിന് സാമ്പത്തികനഷ്ടം ഉണ്ടാകാൻ ഇടയാകുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്. ടി വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-32 ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-ഒരേ ഗുണഭോക്താവിന് രണ്ട് തവണ സ്കോളർഷിപ്പ് അനുവദിച്ചു

I. പ്രൊജക്ടിന്റെ പേരും നമ്പരും	39/22- ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്
നിർവ്വഹണ ഉദ്യോഗസ്ഥ	ഐ.സി.ഡി.എസ് സൂപ്പർവൈസർ

ചെലവഴിച്ച തുക	4,00,000/- (വൗച്ചർ നം.22101368/23.09.21) (വികസന ഫണ്ട്(ജനറൽ)) 3,00,000/- (വൗച്ചർ നം.22101374/13.10.21)- ജില്ലാപഞ്ചായത്ത് വിഹിതം. 2,48,925/- (വൗച്ചർ നം.22101379/18.10.21)- ബ്ലോക്ക് പഞ്ചായത്ത് വിഹിതം. 2,25,130/- (വൗച്ചർ നം.22101397/22.11.21) – വികസനഫണ്ട് (ജനറൽ) 36,645/- (വൗച്ചർ നം.22101470/14.02.22)- വികസന ഫണ്ട് (ജനറൽ) **ആകെ - 12,10,700**

മേൽ പ്രൊജക്ട് പ്രകാരം ഭിന്നശേഷി സ്കോളർഷിപ്പ് അനുവദിച്ച ശ്രീ. ആൽബിൻ ഷാബു, മാറോക്കി എന്ന ഗുണഭോക്താവിന് (അക്കൗണ്ട് നം. 67283296575 IFSC. SBIN0070172) മേൽ വൗച്ചറുകൾ പ്രകാരം ₹57,000/- (9500 + 7895+ 6200+ 4905 + 28500) സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന ഗുണഭോക്താവിന് നൽകാവുന്ന പരമാവധി തുക ₹28,500/- രൂപ മാത്രമാണ്. ആയതിന് പകരം ഇരട്ടി തുക സ്കോളർഷിപ്പ് അനുവദിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/15.02.23) മറുപടിയായി ശ്രീ. ആൽബിൻ ജോസ് എന്ന ഗുണഭോക്താവിന് അനുവദിക്കേണ്ടിയിരുന്ന തുക തെറ്റായി ആൽബിൻഷാബുവിന്റെ അക്കൗണ്ടിലേക്ക് നിക്ഷേപിച്ചതാണെന്നും ആയത് തിരിച്ച് പിടിച്ച് രേഖാമൂലം യഥാർത്ഥ ഗുണഭോക്താവായ ആൽബിൻ ജോസിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ച് ആയതിന്റെ രേഖകൾ ഹാജരാക്കാമെന്നും അറിയിച്ചിട്ടുണ്ട്.

രേഖകൾ ഹാജരാക്കുന്നത് വരെ അധികമായി നൽകിയ ₹28,500/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-33 ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- രേഖകൾ ഹാജരാക്കിയില്ല

I. പ്രൊജക്ടിന്റെ പേരും നമ്പരും	39/22- ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്
നിർവ്വഹണ ഉദ്യോഗസ്ഥ	ഐ.സി.ഡി.എസ് സൂപ്പർവൈസർ
ചെലവഴിച്ച തുക	4,00,000/-(വൗച്ചർ നം.22101368/23.09.21) (വികസന ഫണ്ട്(ജനറൽ)) 3,00,000/- (വൗച്ചർ നം.22101374/13.10.21)- ജില്ലാപഞ്ചായത്ത് വിഹിതം. 2,48,925/- (വൗച്ചർ നം.22101379/18.10.21)- ബ്ലോക്ക് പഞ്ചായത്ത് വിഹിതം. 2,25,130/- (വൗച്ചർ നം.22101397/22.11.21) – വികസനഫണ്ട് (ജനറൽ) 36,645/- (വൗച്ചർ നം.22101470/14.02.22)- വികസന ഫണ്ട് (ജനറൽ) **ആകെ - 12,10,700**

മേൽ പ്രൊജക്ട് പ്രകാരം ഭിന്നശേഷി സ്കോളർഷിപ്പ് അനുവദിച്ച കുമാരി. ഫാത്തിമ സഫ എ.എം., അള്ളന്നൂർ ഹൗസ്, മുള്ളൂർക്കര എന്ന ഗുണഭോക്താവിന് (അക്കൗണ്ട് നം. 38121053635 IFSC. SBIN0008029) മേൽ വൗച്ചറുകൾ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥിക്ക് അനുവദിക്കാവുന്ന പരമാവധി സ്കോളർഷിപ്പ് തുകയായ ₹28,500/- (9500 + 7895+ 6250+ 4855) അനുവദിച്ചിട്ടുണ്ട്. എന്നാൽ ടി വിദ്യാർത്ഥിനി മാനസികവെല്ലുവിളി നേരിടുന്നവരാണെന്ന് തെളിയിക്കുന്ന ഭിന്നശേഷി സർട്ടിഫിക്കറ്റ് ഓഡിറ്റിന് ലഭ്യമാക്കിയില്ല. രേഖയുടെ അഭാവത്തിൽ ചെലവഴിച്ച തുകയായ ₹28,500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് അന്വേഷണം നം. 24/15.02.23)

1-34 രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ചെലവു തുക തടസ്സപ്പെടുത്തുന്നു

1. പ്രൊജക്ട് നം. : 145/21-22
പേര് : ബയോഫ്ലോക്ക് മത്സ്യകൃഷി
അടങ്കൽ : 5,52,000/-
ചെലവ് തുക : 1,44,438/-
ബിൽ നം. : 3/21-22 തി:14.02.22 തുക:73,600/-
ബിൽ നം. : 4/21-22 തി:26.03.22 തുക:70,838/-

2. പ്രൊജക്ട് നം. : 138/21-22
പേര് : വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി
അടങ്കൽ : 12,30,000/-

ചെലവ് തുക : 1,96,800/-
ബിൽ നം : 1/21-22 തി:22.12.21 തുക:98,400/-
ബിൽ നം : 2/21-22 തി:29.01.22 തുക:98,400/-

ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രൊ നം:145/21-22 (ബയോഫ്ലോക്ക് മത്സ്യകൃഷി) നം:138/21-22 (വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി) എന്നി പദ്ധതികളുടെ ട്രഷറി ബില്ലുകൾ,പൂർത്തീകരിച്ച കാഷ്ബുക്ക്, UTR Statement എന്നിവ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻകയറി 21/15.2.23 നൽകിയെങ്കിലും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ രണ്ട് പ്രോജക്ടുകളിലുമായി ചെലവഴിച്ച 3,41,238/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

1-35 പ്രവൃത്തി പൂർത്തീകരണം വൈകിയതിന് നിയമപ്രകാരമുള്ള പിഴ ഈടാക്കിയില്ല

കേരള പൊതുമരാമത്ത് മാന്വൽ 2012-ലെ പുതുക്കിയ എഡിഷൻ സെക്ഷൻ 2112 പ്രകാരം ഒരു പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആകെ അനുവദിച്ച സമയത്തിന്റെ 50% മാത്രമാണ് പരമാവധി ദീർഘിപ്പിച്ച് നൽകാവുന്നത്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്.

ആദ്യതവണ കരാർ കാലയളവിന്റെ 25% സമയം PACയുടെ 1% പിഴ ഈടാക്കി നീട്ടി നൽകാവുന്നതാണ്. രണ്ടാമത് കരാർ കാലയളവിന്റെ 25% അനുവദിക്കുമ്പോൾ PAC യുടെ 2% പിഴ ഈടാക്കേണ്ടതാണ്. അസി. എഞ്ചിനീയർ 2021-22 വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലവധി നീട്ടി നൽകിയപ്പോൾ പിഴ ഈടാക്കിയിട്ടില്ല

ക്രമ നം.	പ്രവൃത്തിയുടെ വിവരം	എഗ്രിമെന്റ് തീയതി	പൂർത്തീകരിക്കേണ്ട തിയതി	പൂർത്തീകരിച്ച തിയതി	ഈടാക്കേണ്ട പിഴ
1	പ്രോജക്ട് നമ്പർ - 116/22 – കണ്ണമ്പാറ എസ്.സി കോളനി റോഡ് കോൺക്രീറ്റിങ്ങ് അടങ്കൽ - 44082/- കരാർ തുക – 250506.62 കരാറുകാരൻ - എം എം മുഹമ്മദ് അലി എഗ്രിമെന്റ് നം.18/AE /LSGD/MLK/20-21 തീയതി 28.07.2020 അളവു പുസ്തകം- 392/18-19 ട്രഷറി ബിൽ നമ്പർ - 25/5.2..2022 ചെലവ് തുക – 43949/- (2nd & Final Bill) (സാങ്കേതിക അനുമതി പ്രകാരം പൂർത്തീകരണ കാലാവധി 8 മാസം)	28.07.2020	27.09.2021 (സ.ഉ.(സാധാ)/.നം.1444 /2021/തസ്വഭവ. തീയതി 31.07.2021 പ്രകാരം പൂർത്തീകരണ കാലാവധി 6 മാസം കൂടി നീട്ടിയത് പ്രകാരം)	21.12.2021	7515 (3%)

മുകളിൽ പറഞ്ഞതു പ്രകാരം പിഴ ഈടാക്കാതിരുന്നതിന്റെ കാരണം ഓഡിറ്റിൽ അറിയിക്കാൻ ഓഡിറ്റ് അന്വേഷണം നമ്പർ 6/10.2.2023 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. ഉത്തരവാദികളിൽ നിന്നും 7515/- രൂപ പിഴയിനത്തിൽ ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

1-36 അസി. എഞ്ചിനീയറുടെ ഓഫീസിന്റെ വാഹന വാടക ചെലവുകൾ-അപാകതകൾ

അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി പ്രോജക്ട് നമ്പർ 62/22 പ്രകാരം"അസി. എഞ്ചിനീയറുടെ ഓഫീസിന്റെ വാഹന വാടക ചെലവുകൾ" എന്ന പ്രോജക്ടിനായി തനത് ഫണ്ടിൽ നിന്നും 225000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഫയൽ, ലോഗ് ബുക്ക് എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ(പി) 259/2010/ത.സ്വ.ഭ.വ തീയതി 08.11.2010 ഖണ്ഡിക 3.2 പ്രകാരം ഒരു ലക്ഷം രൂപയ്ക്കു മേൽ വില വരുന്ന കരാറുകൾക്ക് ഓപ്പൺ ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഒരു വർഷം 300000/- രൂപ ചെലവ് വരുന്ന ടി പ്രോജക്ട് കവട്ടേഷന്റെ അടിസ്ഥാനത്തിലാണ് നടപ്പാക്കിയത്. ഓപ്പൺ ടെണ്ടറിന്റെ ഭാഗമായുള്ള പത്രപരസ്യം ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ പാലിക്കാതിരുന്നതിനാൽ കുറഞ്ഞ നിരക്കിൽ കരാർ ലഭിക്കാനുള്ള സാധ്യത ഇല്ലാതെയായി.

2. ഒരു മാസം 750 കി.മീറ്റർ വരെ ഓടുന്നതിന് 25000/- രൂപ നിരക്കിൽ രാമകൃഷ്ണൻ പി. കെ എന്നയാൾക്കാണ് (KL-08/AS 8406) കവട്ടേഷൻ പ്രകാരം കരാർ നൽകിയത്. ഇക്കാലയളവിൽ നിലവിലുള്ള ടാക്സി ചാർജ് ജി ഒ (പി) 45/2018/ട്രാൻ. തീയതി 11-12-2018 പ്രകാരം കിലോമീറ്ററിന് 15 രൂപ മാത്രമാണ്. അതനുസരിച്ച് 750 കിലോമീറ്ററിന് 11250/- രൂപ മാത്രമാണ് ടാക്സിക്കൂലി വരുന്നത്. വെയിറ്റിങ്ങ് ചാർജ് കൂടി ഉൾപ്പെടുത്തിയാലും 750 കി.മീറ്ററിന് 25000/- രൂപ എന്നത് വളരെ വലിയ തുകയാണ് എന്ന് കാണുന്നു.

3. ലോഗ് ബുക്ക് പരിശോധിച്ചതിൽ 4/2021, 5/2021, 6/2021 എന്നീ മാസങ്ങളിൽ ആകെ 922 കി.മീറ്റർ മാത്രമാണ് വാഹനം ഓടിയത് എന്ന് കാണുന്നു. അതായത് പ്രതിമാസം ശരാശരി 300 കി.മീറ്റർ. 3 മാസത്തേക്ക് 75000/- രൂപ നൽകിയപ്പോൾ ഒരു കിമീറ്ററിന് 81/- രൂപയ്ക്കുമേൽ ചെലവ് വന്നതായി കാണാം.

4. വാഹനത്തിന്റെ ലോഗ് ബുക്കിൽ പ്രതിമാസ സംഗ്രഹം എഴുതി സൂക്ഷിച്ചിട്ടില്ല. പല യാത്രകളുടേയും യാത്രാ ഉദ്ദേശം രേഖപ്പെടുത്തിയിട്ടില്ല.

5. 31.5.2021 മുതൽ 16.11.2021 വരെ മിക്കവാറും എല്ലാ പ്രവൃത്തി ദിവസങ്ങളിലും വൈകീട്ട് 5 മണിക്ക് വാഹനം തൃശൂരിലേക്ക് യാത്ര നടത്തിയിട്ടുണ്ട്. ഈ യാത്രകളുടെ ഉദ്ദേശം ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. 31.5.2021, 01.06.2021 എന്നീ തീയതികളിൽ യാത്രയുടെ ഉദ്ദേശമായി AE Home, Thrissur എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. വൈകീട്ട് 5 മണിയോടടുത്ത് തൃശ്ശൂരിലേക്ക് നടത്തിയ എല്ലാ യാത്രകളും അസി. എഞ്ചിനീയറെ വീട്ടിൽ എത്തിക്കാനായിരുന്നു എന്ന് മനസ്സിലാക്കുന്നു. 17.11.2021 മുതൽ 31.3.2022 വരെ മിക്കവാറും എല്ലാ ദിവസവും രാവിലേയും വൈകീട്ടും വള്ളത്തോൾ നഗർ റെയിൽവേ സ്റ്റേഷനിലേക്കും തിരിച്ചും വാഹനം ഓടിയതായി കാണുന്നു. ഈ യാത്രകളുടേയും ഉദ്ദേശം രേഖപ്പെടുത്തിയിട്ടില്ല. ഇതും ജീവനക്കാരെ റെയിൽവേ സ്റ്റേഷനിൽ നിന്നും ഓഫീസിലേക്കും തിരിച്ചും എത്തിക്കാനായിരുന്നു എന്നാണ് മനസ്സിലാക്കുന്നത്. 2021-22 വർഷത്തിൽ ഇത്തരത്തിൽ മാത്രം നടത്തിയ യാത്രകൾക്ക് ആകെ 3870 കി.മീറ്റർ വാഹനം ഓടിയിട്ടുണ്ട്. അസി. എഞ്ചിനീയറുടെ ഓഫീസിന്റെ ഔദ്യോഗിക ആവശ്യങ്ങൾക്ക് വേണ്ടി വാടകയ്ക്ക് എടുത്ത വാഹനം മറ്റ് ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കുന്നത് പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാക്കുന്നുണ്ട്.
ലോഗ് ബുക്ക് പരിശോധിച്ചതിന്റെ മറ്റ് ചില വിവരങ്ങൾ താഴെ ചേർക്കുന്നു.

മാസം	ആകെ ഓടിയ ദൂരം (കി.മീ)	5 മണിയോടടുത്ത് തൃശൂരിലേക്ക് നടത്തിയ യാത്രകൾക്ക് ഓടിയ ദൂരം (കി.മീറ്റർ)
6/2021	501	255
7/2021	878	600
8/2021	773	550
9/2021	342	150
10/2021	1102	750
11/2021	1081	450
ആകെ	4677	2755

6/2021 മുതൽ 11/2021 വരെ വാഹനം ആകെ ഓടിയതിൽ 59% ഔദ്യോഗിക ആവശ്യങ്ങൾക്കായിരുന്നില്ല എന്നാണ് ലോഗ് ബുക്ക് പരിശോധിച്ചതിൽ നിന്നും മനസ്സിലാക്കുന്നത്. മേൽപറഞ്ഞ അപാകതകൾക്ക് മറുപടി നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 22/15.2.2023 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. അസി.എഞ്ചിനീയറുടെ ഓഫീസിന്റെ ഔദ്യോഗിക ആവശ്യങ്ങൾക്ക് വേണ്ടി വാടകയ്ക്ക് എടുത്ത വാഹനം ഔദ്യോഗിക ആവശ്യങ്ങൾക്ക് മാത്രമേ ഉപയോഗിക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അതോടൊപ്പം ഔദ്യോഗിക ആവശ്യങ്ങൾക്ക് ഒരു മാസം ശരാശരി എത്ര കിലോമീറ്റർ ഓടുന്നുണ്ട് എന്ന് കണക്കാക്കി അതനുസരിച്ച് ന്യായമായ വാടക മാത്രമേ നൽകുന്നുള്ളൂ എന്നും ഉറപ്പുവരുത്തേണ്ടതാണ്. ഭരണ സമിതിയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	മുൻകൂർ നൽകിയ തുക	വൗച്ചർ നമ്പർ/തീയതി	ചെലവഴിച്ച തുക (തുക കൈമാറിയെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തതിനാൽ ചെലവഴിക്കാത്തതായി ചേർക്കുന്നു)	ചെലവഴിക്കാൻ ബാക്കിയുള്ള തുക (ഓഡിറ്റ് വർഷം ലഭിച്ച തുകയിൽ ചെലവഴിക്കാൻ ബാക്കിയുള്ളത് മാത്രം മുൻവർഷങ്ങളിലെ തുക ഉൾപ്പെടാത്തതിനാൽ ബാലൻസ്ഷീറ്റ് ബി-18 ഷെഡ്യൂളിലെ തുകയുമായി പൊരുത്തപ്പെടുത്തുന്നില്ല)
KSEB	86/22-മുള്ളൂർക്കര ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ (ധനകാര്യ കമ്മീഷൻ അവാർഡ്)	2583000	22100869/ 22.12.21 – ₹1291500 22101163/ 04.03.22- ₹1104608 22101163/ 04.03.22- ₹186892	0	2583000
KSEB	87/22-ആറ്റൂർ ബൈപാസ് കുടിവെള്ള പദ്ധതിക്ക് ഒറ്റത്തവണ വൈദ്യുത കണക്ഷൻ കെ.എസ്.ഇ.ബി-ക്ക് തുക അടവാക്കൽ (ധനകാര്യ കമ്മീഷൻ അവാർഡ്)	151320	22100789/ 02.12.21	0	151320
KSEB	175/22-വിവിധ കുടിവെള്ള പദ്ധതികളുടെ ഒറ്റത്തവണ വൈദ്യുത കണക്ഷൻ കെ.എസ്.ഇ.ബി-ക്ക് കൈമാറൽ (ധനകാര്യ കമ്മീഷൻ അവാർഡ്)	134651	22101246/ 22.03.22- ₹48,596 22101293/ 31.03.22 – ₹86,055	0	134651
കേരള വാട്ടർ അതോറിറ്റി	180/22 കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ നീട്ടൽ – വാട്ടർ അതോറിറ്റിക്ക് തുക ഡെപ്പോസിറ്റ് ചെയ്യൽ (ധനകാര്യ കമ്മീഷൻ	840625	22101284/ 29.03.22	0	840625

	അവാർഡ്)				
	13/22-ജലജീവൻ മിഷൻ പദ്ധതിക്ക് തുക കൈമാറൽ (വികസന ഫണ്ട്-ജനറൽ)	5,55,000	22101418/ 12.12.21- ₹5,50,000 22101509/ 14.03.22 – ₹5,000	0	5,55,000
	174/22-നസ്രത്ത് മനക്കോട്ട്കാവ് കുടിവെള്ള പദ്ധതി പൂർത്തീകരണം	150000	22101248/ 22.03.22	0	150000
ഭൂജലവകുപ്പ്	89/22-വടക്കുമുറി കുടിവെള്ള പദ്ധതി – വാർഡ് 4 (ധനകാര്യ കമ്മീഷൻ അവാർഡ്)	234000	22101164/ 04.03.22- ₹104000 22101285/ 29.03.22- ₹130000	0	234000

4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

4-4 സ്ഥിര നിക്ഷേപം

ഇല്ല.

4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം.

വായ്പയുടെ പേര്/ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തിയതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക	തൻവർഷം തിരിച്ചടച്ച തുക	വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
ലൈഫ് മിഷൻ പദ്ധതി	സ.ഉ.(എം.എസ്.) നം.151/2017 /ത.സ്വ.ഭ.വ. തീയതി.31/07/17	82,00,000	76,11,766	601334	7010432

വായ്പാ രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല. ആയത് ഖണ്ഡിക 1-10-14 ൽ പരാമർശിച്ചിട്ടുണ്ട്.

4-6 ഓഡിറ്റ് റിക്കവറി

റിപ്പോർട്ട് വർഷം	ഭാഗം/ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീതി നമ്പർ/തീയതി
1998-99	49	453	സുഹറ	1210103446/12.01.2022
1997-98	27(c)	80	ഉണ്ണികൃഷ്ണൻ, സുജാത	1210104075/19.02.2022
1997-98	31	50	സെക്രട്ടറി	1210104078/19.02.2022
1997-98	32	726	സെക്രട്ടറി	1210104079/19.02.2022
2001-02	2-2	150	സുബൈദാബീവി	1210105321/23.03.2022
2001-02	2-2	360	സുബൈദാബീവി	1210105321/23.03.2022

4-7 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ലഭ്യമല്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2014-15	2.1	2016-17		എ) മഹീന്ദ്ര പി. എ രജി. നം. ജി6/262 /11/1498/EA	24.09.2019 തീയതിയിൽ 119130101643 രശീതിയായി 360 രൂപ അടച്ചിട്ടുണ്ട്.
2014-15	2.1	2016-17		ബി) പി. മുരളീധരൻ, Reg.No.D27098/03/313/EB	24.09.2019 തീയതിയിൽ 119130101642

					രശീതിയായി 240 രൂപ അടച്ചിട്ടുണ്ട്.
2014-15	2.1	2016-17		സി) ശ്രീകാന്ത് പി. എസ്, Reg.No.G6/5076 /12/1480/sb	06.08.2016 തീയതിയിൽ 11613101596 രശീതിയായി 240 രൂപ അടച്ചിട്ടുണ്ട്.
2014-15	2.1	2016-17		ഡി) ഗോപു സി. ജെ Reg.No.g6/1655 /14/1815/sb	24.09.2019 തീയതിയിൽ 119130101641 രശീതിയായി 240 രൂപ അടച്ചിട്ടുണ്ട്
2014-15	2.1	2016-17		ഇ) വി. കെ കൃഷ്ണകുമാർ Reg.No.g6/3162/13/545/sa	ഭിന്നശേഷി ജീവനക്കാരനായതിനാൽ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്.
2014-15	2.1	2016-17		എഫ്) സുരേഷ് കെ. വി, അമേസ് ബിൽഡേഴ്സ്, ഓട്ടുപാറ Reg.No.D/1326/06/6639/sb	24.09.2019 തീയതിയിൽ 119130101640 രശീതിയായി 360 രൂപ അടച്ചിട്ടുണ്ട്
2014-15	2.1	2016-17		G)ചന്ദ്രജിത്ത് സി. സി, Reg.No.g6/2257 /13/1596/sb	23.08.2016 തീയതിയിൽ 11613101752, 11613101753 നമ്പർ രശീതികൾ പ്രകാരം 240 രൂപ അടവാക്കിയിട്ടുണ്ട്.
2014-15	2.1	2016-17		Ll.സെക്രട്ടറി, മുള്ളൂർക്കര ക്ഷീര സഹകരണ സംഘം	24.09.2019 തീയതിയിൽ 119130101644 രശീതിയായി 600 രൂപ അടച്ചിട്ടുണ്ട്
2014-15	2.3	2016-17		വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്	2017-18 സാമ്പത്തിക വർഷത്തിൽ വസ്തുനികുതി പിരിവ് 100% കൈവരിച്ചിട്ടുണ്ടെന്ന വിവരം ബോധിപ്പിക്കുന്നു.

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	71899286
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	76987916
വരവിനങ്ങളിലുള്ള നഷ്ടം	0
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	7515
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	3,98,238/-

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

1) സർച്ചാർജ് നടപടി വഴി ഈടാക്കേണ്ടത്

ഇല്ല

2. ഭരണതല നടപടിയിലൂടെ ഈടാക്കേണ്ട തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-35	7515	രശ്മി കെ. ആർ, അസി. എഞ്ചിനീയർ

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നം.	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-32	28500	ശ്രീമതി സിന്ധു എ. കെ., ഐ.സി.ഡി.എസ്. സൂപ്പർവൈസർ
1-33	28500	
1-34	196800/-	ശ്രീമതി ജോമോൾ സി. ബേബി,ഫിഷറീസ് സബ് ഇൻസ്പെക്ടർ
1-34	144438/-	ശ്രീമതി ജിബീന എം. എം,ഫിഷറീസ് സബ് ഇൻസ്പെക്ടർ

ആകെ	3,98,238/-

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി രശ്മി കെ ആർ, അസി. എഞ്ചിനീയർ	അസി. എഞ്ചിനീയർ, മുള്ളൂർക്കര ഗ്രാമപഞ്ചായത്ത്	കുറുവത്ത് വീട്, സി. അച്യുതമേനോൻ റോഡ്, പൂത്തോൾ പി ഒ, തൃശൂർ 680004
ശ്രീമതി സിന്ധു.എ.കെ., ഐ.സി.ഡി.എസ് സൂപ്പർവൈസർ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ, അവണൂർ ഗ്രാമപഞ്ചായത്ത്	മഠത്തിൽ വീട്, ശങ്കരപുരം റോഡ്, മുളങ്കുന്നത്ത്കാവ്- 680581
ശ്രീമതി ജോമോൾ സി ബേബി, ഫിഷറീസ് സബ് ഇൻസ്പെക്ടർ	അസി. ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, ഡി.ഡി.ഓഫീസ്, ആമ്പക്കാടൻ ജംഗ്ഷൻ, പള്ളിക്കുളം	കുത്തൂർ ഹൗസ്, സിറ്റിഗാർഡൻ, പട്ടിക്കാട് പി.ഒ, തൃശ്ശൂർ 680652
ശ്രീമതി ജിബീന എം. എം, ഫിഷറീസ് സബ് ഇൻസ്പെക്ടർ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, ഡി.ഡി.ഓഫീസ്, ആമ്പക്കാടൻ ജംഗ്ഷൻ, പള്ളിക്കുളം	തട്ടാപ്പറമ്പ് ഹൗസ്, തുറവൂർ പി.ഒ, ചേർത്തല, ആലപ്പുഴ 688538

4-10 തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളും ഖണ്ഡികകളും

ക്രമ നം.	ഓഡിറ്റ് റിപ്പോർട്ട് വർഷം	ഓഡിറ്റ് റിപ്പോർട്ട് നമ്പർ	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ ആകെ എണ്ണം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ	റിമാർക്സ് (CAR/CASE/CH/SCH)
1	1994-95	LFT.20-292/2001 Dt.15.5.2001	2	21 (ബി), 19	21 (ബി) - CAR
2	1996-97	Lft.8.345/98 Dt.15.6.98	49	1,2,3,4,5,6,7,8,9,10,11, 12,13,14,15,16,17, 18,19,20,21,22,23,24,25, 26,27,28,29,30,31, 32,33,34,35,36, 37,38,39,40,41, 42,43,44,45,46,47,48,49	
3	1998-99	LFT.20-1846/99 Dt.05.6.2000/ 31.08.2000	20	53,54,55,56,57,58,60,61, 62,63,65,66,67,71,73,76, 92,93,94,95	
4	1999-2000 വരവ്	LFT.17-1428/07 Dt.27.6.08/ 6.9.08	3	2(1), 2(3), 4(4)	
5	1999-2000 ചെലവ്	LFT.17-1040/03 Dt.07.01.04	14	4,7,8,11,16(1,2,3,4,5),17, 18,20,21,22,23,24,25, 15, 16(2)	15,16(2)-CASE
6	2000-01	LFT.17-1431/07 Dt.26.7.08/ 06.09.08	14	2-1,2-2,2-3, 2-4,2-5(2),3-1, 3-2,3-3,3-4, 3-5,3-6,4-3, 4-5,4-7	

7	2000-01 & 2001-02 (ജനകീയാസൂത്രണം)	LFT.17-1736/03 Dt.24.11.03/ 16.06.04	15	1,4,3,7,8-1,8-2, 8-3,8-4,8-6, 8-5,9,10,11,12,13	8-1, 8-2, 8-3, 8-4, 8-6 എന്നിവയ്ക്ക് സർചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടുണ്ട്.
8	2001-02	LFT.17-1430/07 Dt.27.6.08/ 6.9.08	17	2-1,2-2,2-3, 2-4,2-5,3-1, 3-7,3-8,3-9, 3-10,3-11,3-12, 3-13,3-14,3-15, 3-16,3-17	
9	2002-03	LFT.17-1429/07 Dt.27.6.08/ 6.9.08	7	2(1)e,3(5),3(10), 3(11),3(13),3(15),3(16)	
10	2003-04	LFT.17-1333/08 Dt.25.5.10	11	2-4, 3-1(1,2,3,4,5), 3-3,3-4,3-5, 3-6,3-8,3-9, 3-10,3-12,3-13	
11	2004-05	LFT.17-1334/08 Dt.26.05.10	8	2-1(I),2-1(II), 2-1(III),2-2,3-3, 3-6,3-7,3-8, 3-9,3-11	
12	2005-06	LFT.17-1752/09 Dt.7.09.10/ 01.09.11	11	2-1,2-2,2-3, 2-4,3-2,3-4, 3-5,3-6,3-11, 3-12,3-13	
13	2006-07	LFT.17-1753/09 Dt.17.09.10/ 01.09.11	4	2-3,3-5,3-6,3-7	
14	2007-08	LFT.17-1437/10 Dt.24.01.11/ 22.10.11	3	3-8(1),3-9(3), 3-10(1)	
15	2008-09	LFT.17-1438/10 Dt.24.1.11/ 22.10.11	3	3-1(1,2),3-4,3-6	
16	2009-10	LFT(P1)-411/12 Dt.16.7.12/ 27.11.12	8	2-4(3)(1), 3-4, 3-5,3-9,3-10, 3-13,3-14,3-15	
17	2010-11	LFT(P1)-412/12 Dt.17.7.12/ 27.11.12	7	3-6,3-9,3-10, 3-11,3-13,3-16, 3-17	
18	2011-12	LFT(P1)-1430/13 Dt.2.1.14/ 6.3.14	3	2-2,3-6,3-7	
19	2012-13	LFT(P15)-1441/16 Dt.09.1.15/ 07.3.15	4	3-10,3-11,3-12, 3-13	
20	2013-14	KSATSR(P5)-767/15 Dt.12.10.15/ 19.10.15	1	3-7	
21	2014-15	KSATSR(P5)-1036/16 Dt.30.06.16/ 26.07.16	3	2-1,2-3,3-2	2-1 - CAR 2-3 - CAR

22	2015-16	KSATSR(P5)-1965/16 Dt.18.11.16/ 16.1.17	4	3-4, 3-11(1,2),3-14, 3-18	
23	2016-17	KSATSR(P5)-1256/17 Dt.29.7.17	5	2-2,3-1,3-2, 3-3,3-4	
24	2017-18	KSATSR(P5)-1501/18 Dt.2.11.18	12	2-4,3-3, 3-4,3-5,3-6, 3-8,3-10,3-22, 3-26,3-11,3-19, 3-20	
25	2018-19	KSATSR(P5)-1779/19 Dt.07.01.20	13	1-13, 1-14, 1-17, 1-18, 1-19, 1-20, 1-21, 1-23, 1-24, 1-25, 1-28, 3-1, 4-10	
26	2019-20	KSATSR(P9)-505/21 Dt.31.03.21	29	1-11, 1-12, 1-14 മുതൽ 1-21 വരെ, 1-23, 1-25 മുതൽ 1-31 വരെ, 1-33, 1-34, 1-36 മുതൽ 1-40 വരെ, 1-42, 1-43, 3-1, 4-9	
27	2020-21	KSATSR(P9)-1151/22 Dt.29.07.22	53	1-9 മുതൽ 1-59 വരെ, 3-1, 4-10	
	ആകെ		**323**		

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശൂർ ജില്ലയിലെ മുള്ളൂർക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക് വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശൂർ ജില്ലയിലെ മുള്ളൂർക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്